Madras and Andhra Universities

1217 8/53

THE

Malayalam Text-book

(Complete for Detailed Study—Group A)

PART I

FOR

Group C of the S. S. L. C. Public Examination

AND FOR THE

Matriculation Examination

1931

PRINTED AT THE
BASEL MISSION PRESS AND BOOK DEPOT
MANGALORE

1930

Price: As. 10.

MADRAS AND ANDHRA UNIVERSITIES

The Malayalam Text-book

(COMPLETE FOR DETAILED STUDY—GROUP A)

PART I

FOR

Group C of the S. S. L. C. Public Examination

AND FOR THE

MATRICULATION EXAMINATION

1931

PRINTED AT THE

BASEL MISSION PRESS AND BOOK DEPOT MANGALORE

1930

CONTENTS

ഭാഗം.

1. ഭാരതം —

— തുഞ്ചത്തെഴുത്തച്ഛൻ . . . . 1— 5

2. ഒരു വീരപത്നി—

— വള്ളത്തോൾ . . . . 6 — 34

3. ഇരുപത്തിനാലു വൃത്തം —

— തുഞ്ചത്തെഴുത്തച്ഛൻ . . . . 35 — 40

4. സന്താനഗോപാലം — . . . . 41 — 44

5. തച്ചോളിപാട്ട് — . . . . 45—51

Lines for memorising.

1.	ഭാരതം—ആദ്യം മുതൽ—	48 വരി
2.	**ഒരു വീരപത്നി**—69-ാം വരിമുതൽ ഒടുവരെ—	76 "
3.	ഇരുപത്തിനാലു വൃത്തം—മുഴുവൻ—	80 "
		204 "

1. ഭാരതം.

കൎണ്ണപൎവ്വം.

1. വിജയനെത്തേരിൽ വിളങ്ങിക്കാണായി
വിബുധകളധിപതിയൊടും കൂടി;
2. തരുണഭാസ്കരനരുണനോടുകൂ-
ടൊരുമിച്ചു തെളിഞ്ഞുദിച്ചതുപോലെ.
3. ഹരിയുതഹരിഹയതനയനെ
ഹരിണവാജിരാജിതരഥോപരി;
4. ഹരിദശ്വാത്മജനൊടു പൊരുവാനാ-
യ്വരുന്നതു കണ്ടു പറഞ്ഞു ശല്യരും.
5. പലരൊടും കാണാഞ്ഞിഹ ചോദിച്ചൊരു
വലരിപുതനയനെ കണ്ടാലും നീ.
6. മുനികൾമാനസതളിരിലും, ഗോപ-
വനിതമാരുടെ മുലത്തടത്തിലും,
7. ഇരുന്നരുളും മാധവനും താനുമാ-
യ്പുരന്നവൻ പടനടുവിലാമ്മാറു
8. വരുന്നതു നന്നായ്തെളിഞ്ഞു കാണ്ക നീ.
നിരന്നപീലികൾ നിരക്കവേ കുത്തി
9. നെറുകയിൽ കൂട്ടി തിറമൊടു കെട്ടി
കരിമുകിലൊത്ത ചികുരഭാരവും,
10. മണികൾ മിന്നിടും മണിക്കിരീടവും,
കുനുകുനെച്ചിന്നും കുറുനിര തന്മേൽ;
11. നനുനനപ്പൊടിഞ്ഞൊരുപൊടി പററി
തിലകവുമൊട്ടു വിയർപ്പിനാൽ നന-
12. ഞ്ഞുലകു സൃഷ്ടിച്ചു ഭരിച്ചു സംഹരി-
ച്ചിളകുന്ന ചില്ലീയുഗളഭംഗിയും,
13. അടിയാരെക്കുറിച്ചുരുകരുണയും,
കഠിനദുഷ്ടരോടെഴുന്ന കോപവും,
14. മടുമൊഴിമാരിൽ വളൎന്നരാഗവും,
കലഹം കണ്ടൊരത്ഭുതരസങ്ങളും,

15. ചപലന്മാരൊടു കലൎന്ന ഹാസ്യവും,
എതിരിടുന്നോൎക്കു ഭയങ്കരത്വവും,
16. പലവുമിങ്ങിനേ നവനവരസ-
മിടയിടക്കൂടക്കലൎന്ന നേത്രവും,
17. മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും, മുഖസരോജവും,
18. വിയൎപ്പുതുള്ളികൾ പൊടിഞ്ഞ നാസിക,
സുമന്ദഹാസവു,മധരശോഭയും,
19. തുളസിയും, നല്ല സരസിജങ്ങളു-
മിളതായീടിന തളിരുകളുമായ്
20. ഇടകലൎന്നുടനിളകും മാലകൾ
തടയും മുത്തുമാലകളും, കൌസ്തുഭ-
21. മണിയും ചേരുന്ന ഗളവും, ചമ്മട്ടി
പിടിച്ചൊരു കരതലവും, കുംകുമം
22. മുഴക്കപ്പൂശിനതിരുമറു മാറു-
നിറഞ്ഞമഞ്ഞപ്പൂന്തുകിലും, കാഞ്ചികൾ;
23. പദസരോരുഹയുഗവു,മെന്നുടെ
ഹൃദയം തന്നിലങ്ങിരിക്കുംപോലെയ-
24. മ്മണീരഥംതന്നിലകം കുളുൎക്കവേ
മണിവൎണ്ണൻ തന്നേ തെളിഞ്ഞു കണ്ടു ഞാൻ.
25. വിളയാടീടണം വിജയനുമായി-
ട്ടിളകാതെനിന്നു കുറഞ്ഞൊരു നേരം;
26. തെളിക്ക തേരെന്നു പറഞ്ഞു കണ്ണനും
കളിച്ചു വില്ലൊലി വളൎത്തിനാനപ്പോൾ.
27. കുരുവരൻതാനു,മിളയവൎകളും,
ഗുരുതനയനും, കൃപരും, ഭോജനും,
28. അണഞ്ഞു ബാണങ്ങൾ പൊഴിഞ്ഞു മാധവൻ-
തിരുമൈതന്മേലും, വിജയൻ തന്മേലും.
29. അരികളെശ്ശരനികരമെയ്തുട-
നരിഞ്ഞരിഞ്ഞിട്ടു നടന്നാനൎജ്ജുനൻ.
30. അകമെ ഭീതിപൂണ്ടകന്നു കൌരവ-
രകലെ കണ്ടു ഭീമനെ വിജയനും.

31. നരകരിരഥതുരഗപങ്ക്തികൾ-
നടുവിൽപുക്കുകൊണ്ടനിലനന്ദനൻ;
32. പെരുമാറുന്നതു,മരികുലാന്തകൻ
പലരോടും പൊരുതിടർപെടുന്നതും
33. പരിചൊടുകണ്ടു പുരന്ദരാത്മജൻ
പരംപുരുഷനോടിവണ്ണം ചൊല്ലിനാൻ.
34. തളച്ചു ഭീമനുപെരുതതിൻനേരെ
തെളിക്കതേരേതും മടിക്കരുതിപ്പോൾ.
35. അതുകേട്ടു തേരുമതിൻനേരേകൂട്ടി
മധുരേശൻതാനും, വിജയനും ചൊന്നാൻ.
36. യുധിഷ്ഠിരക്കേതും വശക്കേടുമില്ല
വധിക്കേണം ഭാനുതനയനേയിപ്പോൾ;
37. അനുഗ്രഹിക്കേണമതിന്നു ഭീമ! യെ-
ന്നടിത്താർകൂപ്പിനാനടുത്തു ഫൽഗുനൻ.
38. അനുക്ഷണമവനനുജ്ഞയും ചെയ്താൻ
കനക്കവേഗത്തിൽ തിരിച്ചു പാർത്ഥനും.
39. ത്രിഭുവനമൊക്കെ നടുങ്ങിടും ശംഖ-
ധ്വനിയും, തേരുകളൊലിയും, വാദ്യവും,
40. അനിലനന്ദനനലറും നാദവും,
അനുപമമായ ഞാണനിനാദവും,
41. ത്വരിതമിന്ദ്രനന്ദനനടുത്തപ്പോൾ
കുരുവരസൈന്യം തിരിച്ചുമണ്ടിനാർ.

. . . .

. . . .

42. പടക്കു സങ്കടം പെരുത്തതു കണ്ടു
കടുക്കനെ ദുശ്ശാസനനുമെത്തിനാൻ.

. . . .

. . . .

43. ജയംവരും ദുശ്ശാസനനെന്നു ചിലർ,
ജയംവരും വൃകോദരനെന്നു ചിലർ,
44. ഭയംകളഞ്ഞുകാൺകടവെന്നു ചിലർ,
ഭയംവരും കണ്ടാലിനിക്കെന്നു ചിലർ,

45. ഭയങ്കരമിതു സമരമെന്നെല്ലാം
പറഞ്ഞു തങ്ങളിൽ വിവാദിക്കുന്നേരം;
46. കുറഞ്ഞൊന്നു മാറിക്കളഞ്ഞു മാരുതി
ചുവട്ടിൽ മാറിനിന്നടിരണ്ടുംവാരി
47. ചുവട്ടിലാക്കിമേൽക്കരയേറിക്കര-
മമൎത്തു നന്നായി ചവിട്ടിനിന്നുകൊ-
48. ണ്ടമൎത്ത്യമൎത്ത്യന്മാർ പലരും കാണവേ;
ചളിപ്പുകൈവിട്ടങ്ങെടുത്തുകൈവാളാൽ
49. പൊളിച്ചുമാറിടം, നഖങ്ങളേക്കൊണ്ടും
തുടുതുടപ്പൊടിച്ചുടനുടനുടൽ
50. ചുടുചുടത്തിളച്ചുരുവിയാർപോലെ
തുടുതുടവന്ന രുധിരപൂരത്തെ
51. കുടുകുടക്കുടിച്ചലറിച്ചാടിയും,
പെരുവെള്ളംപോലെ വരുന്ന ശോണിതം
52. ഒരുതുള്ളിപോലും പുറത്തുപോകാതെ
കവിണ്ണുനന്നായിക്കിടന്നുകൊണ്ടുടൻ
53. കവിൾത്തടം നന്നായ്ത്തിറച്ചിറക്കിയും
മദിച്ചുമാരുതി ചിരിച്ചുചൊല്ലിനാൻ.
54. മുതിൎന്നിതു നാവുമുദരവുമെല്ലാം
കുടർമാലമെല്ലെന്നെടുത്തുകൊണ്ടുടൻ
55. തുടർമാലപോലെ കഴുത്തിലിട്ടുകൊ-
ണ്ടടർക്കളമെല്ലാം പൊടിപെടുംവണ്ണ-
56. മുടനുടൻ ചാടിത്തുടമേലെ തച്ചും;
പശുസമർപാണ്ഡുസുതന്മാരെന്നല്ലോ
57. പറഞ്ഞിതു മുന്നം പലരും കേൾക്കവെ
പരിഹാസത്തോടു മദിച്ചുകൈകൊട്ടി-
58. ച്ചിരിച്ചുകൂത്താടി നടന്നു നിങ്ങളും;
പശുസമന്മാർ കൌരവരെന്നിക്കാലം
59. പറഞ്ഞു ഞാൻ താനുമിതാ കൂത്താടുന്നേൻ.
ഇനിയിക്കള്ളന്മാർകുലത്തിൽ മൂത്തവ-
60. നിനിക്കൊരുനാളെക്കളിക്കുണ്ടായ്വരും;
പൊരുതവനെയുമൊടുക്കി രാജ്യവും

61. പൊരുളും നൽകുവോനരചനു തന്നെ.
പൊടുക്കനവെയെന്നുരത്ത മാരുതി
62. നടിച്ചു നൎത്തകിയൊടു കലന്നൊരു
നടപ്രവരനെക്കണക്കെ മത്തനാ-
63. ന്നുരഹരി ഹിരണ്യനെപ്പിളന്നൊരു
കുരുതിയു് മണിഞ്ഞിരിപ്പതുപോലെ
64. നടക്കുന്നനേരമടൽക്കളെമെല്ലാം
പൊടിച്ചുമാററാരെയൊടുക്കി, വേഗത്തിൽ.
65. കുരുവരസഹോദരന്മാരും വന്നു-
പൊരുതി മാരുതിയവരെയും കൊന്നാൻ.
66. പെരുത്ത ദുഃഖവും ഭയവും കൈക്കൊണ്ടു
കുരുക്കളൊക്കവെ തിരിച്ചു മണ്ടിനാർ.

2. ഒരു വീരപത്നി.

1. സച്ഛിത്രവസ്ത്രങ്ങൾകൊണ്ടഴകാന്ന പൂ-
മച്ചിന്നകത്തൊരുമഞ്ചം ചാരി,
2. എന്തോ വിചാരത്താൽ സ്തബ്ധയായ്മേവുന്നു
ചെന്തൊണ്ടിവായ്മലരാളൊരുത്തി:
3. ശീമയിൽപ്പേർകേട്ട ശില്പികൾ തീർത്തൊരു
കോമളത്തങ്കപ്പെൺ പാവപോലെ.
4. കാർകുലംപോലെ കറുത്തുമിനുത്തുള്ള
വാർകുഴൽ പിന്നിലഴിഞ്ഞുതിന്നും;
5. നീലാളകാവൃതമാകിയ നിർമ്മല-
ഫാലദേശത്തൊരു മങ്ങൽ പാഞ്ഞും;
6. നീണ്ടിടംപെട്ടതിഭംഗിയും ദീപ്തിയും
പൂണ്ടനേത്രങ്ങൾ കുറച്ചടഞ്ഞും;
7. കണ്ണാടിച്ചെംപട്ടിൽ വെച്ചപോലോ മന-
ഗ്ഗണ്ഡംകരത്തളിർ തന്നിൽച്ചാഞ്ഞും;
8. നീളമുള്ളുന്നതമാറണിപ്പൂഞ്ചേല
തോളത്തുനിന്നിടം കൈമേൽ വീണും;
9. തന്നന്തികത്തിലായ് ശുക്ലപക്ഷത്തിലെ-
ച്ചിന്നപ്പൂന്തിങ്കൾപോലുള്ളോരുണ്ണി,
10. ആട്ടക പാട്ടക മുമ്പാകുമോരോരോ
കാട്ടുകാട്ടുന്നതും കണ്ടിടാതെ,
11. ശൂദ്ധനിലത്തിരുന്നീടുകയാണിവ-
ളിത്തരുണിയ്ക്കിത്ര ചിന്തയെന്തോ?
12. അമ്മ തൻദുഃഖത്തിൽ പങ്കുകൊണ്ടിടുന്നീ-
ലമ്മകൻ ക്രീഡാരസൈകതാനൻ:
13. ചിന്താപരിക്ലേശമെന്തുള്ളു ബാലക്ക്?
ഹന്ത, നൽസ്വർഗ്ഗം താൻ ബാല്യകാലം!
14. പൈതലവനിനിയൌവനമാകുമ്പോ-
ളേതൊരു രൂപത്തെപ്പൂണ്ടിടുമോ,

15. ആത്രൂപമൊത്തൊരു പൂരുഷനെപ്പോഴാ-
ച്ചാരുവാംമച്ചിൽ കടന്നുവന്നാൻ.
16. അക്ഷണം തൻകളിപ്പാട്ടങ്ങളിട്ടെറി-
ഞ്ഞക്ഷമനാകിയ കൊച്ചുബാലൻ,
17. ‘അച്ഛാച്ഛാ’ എന്നേവമസ്പഷ്ടവർണ്ണമായ്
സ്വച്ഛാമൃതോപമം കൊഞ്ചിക്കൊണ്ടേ
18. പാഞ്ഞു ചെന്നാവന്നധന്യന്റെ ജാനുക്ക-
ളാഞ്ഞു പുണർന്നാനിളം കൈകളാൽ.
19. ആയാളോ, കുഞ്ഞിനെയാശു കുനിഞ്ഞെടു-
ത്തായാമമേറിയ തന്മാർത്തട്ടിൽ,
20. മൂല്യം മതിക്കാവല്ലാത്തൊരു മാണിക്യ-
മാല്യത്തെപ്പോലവേ ചേർത്തുചാർത്തി,
21. ആയിളംചെഞ്ചോരി വായ്മലർ തന്നിലൊ-
രായിരം പ്രാവശ്യമുമ്മവെച്ചാൻ.
22. കുട്ടിതൻ കൊഞ്ചലാൽ ഞെട്ടിയുണർന്നതി-
ന്മട്ടിലെഴുന്നേറ്റു മംഗളാംഗി,
23. കട്ടിപ്പൊൻകാപ്പിട്ട കൈകളാൽ കാർകുഴൽ
കെട്ടിയൊരുമട്ടൊതുക്കി വെക്കം,
24. സന്തതപ്രേമാർദ്രപ്പുഞ്ചിരികൊണ്ടു ത-
ന്നന്തർഗ്ഗൃഹാതിഥിയ്ക്കാതിഥ്യമേകി.
25. യുദ്ധയാത്രോചിതമാകിയ വേഷത്തിൽ
ബ്ഭർത്താവെക്കണ്ടൊരു മാത്രയിൽത്താൻ
26. അത്തൽവിട്ടാശ്വാസമുൾച്ചേർന്ന മാതിരി-
യ്ക്കത്തന്വിയാൾക്കു തെളിഞ്ഞു വക്ത്രം.
27. നന്ദനത്തങ്കത്തെ ലാളിച്ചുകൊണ്ടു ത-
ന്മന്ദിരലക്ഷ്മിതൻ ചാരത്തെത്തി,
28. സുന്ദരനായുവാവായവൾ തൻ തോളിൽ
മന്ദമായ്ക്കൈവെച്ചു നിന്നുചൊന്നാൻ:—
29. "എന്തിരിപ്പാണിഹ ഞാൻ കണ്ടതോമനേ,
എന്തിത്ര ഭീരുവായ്ത്തീരുവാൻ നീ?
30. ആണുങ്ങൾ വീട്ടിലടച്ചിരിക്കുന്നതി-
ന്നാണോ, കനത്ത കൈതന്നു ദൈവം?

31. മാതൃഭൂമിയ്ക്കരിബാധവരുമ്പോഴ-
മേതുമനങ്ങാതിരിയ്ക്കാമെങ്കിൽ,
32. അത്രയും കാലം ഞാനെന്തിനുചെന്നുപോ-
ന്നസ്ത്രക്കളരിയശ്രദ്ധമാക്കി?
33. യുദ്ധമെന്നുള്ളൊരു ശബ്ദമേ ഞങ്ങൾക്കു
മുഗ്ദ്ധമധുരമാം ഗാനമത്രേ,
34. പോരിതോ, സാമാന്യപ്പോരൊന്നുമല്ലല്ലോ;
ശ്ശൂരക്കിതിൽപരമെന്തു വേണ്ടൂ?”
35. ചൊല്ലിലെധൈര്യം തികച്ചുമപ്പോരാളി-
യ്ക്കുള്ളിലുണ്ടായിരുന്നില്ലന്നേരം:
36. തെല്ലൊരു തൊണ്ടയിടച്ചു,യമക്കിലും
നില്ലാത,തിൽ വെളിപ്പെട്ടിരുന്നു;
37. പോരെങ്കിൽ, ‘കുട്ടാ, ഞാൻ പോയിവരട്ടെ’യെ-
ന്നാരോമൽപ്പുത്രനോടായൊടുവിൽ
38. യാത്രചൊന്നപ്പോഴക്കല്യനു കൈലേസ്സാൽ
നേത്രം തുടയ്ക്കുകവേണ്ടിവന്നു!
39. ആഹവമുത്സവമാണവന്നാ,യതിൽ
സ്സാഹസശീലനുമാണെന്നാലും,
40. എങ്ങിനെ വിട്ടവൻ പോകു,മിപ്രാണനാ-
മംഗനയാളേയും കുഞ്ഞിനേയും?
41. ‘ഞാനുമുണ്ടച്ഛനോടൊപ്പ’മെന്നാൻ, നറും-
തേനുററഭാഷയിൽ ബാലനപ്പോൾ;
42. പോവാമെൻ പൈതൽക്കും തെല്ലുകഴിഞ്ഞാലെ’
ന്നാ,വധു കുഞ്ഞിൻപുറംതലോടി,
43. പ്രേമവും പ്രൌഢിയും തേടിയ ഭാഷയിൽ
ത്തുമധു തൂകിനാൾ പ്രാണേശങ്കൽ:—
44. “പോർകളിൽ പ്രോത്സാഹശാലിയാമെൻനാഥൻ
പോകുന്നതോർത്തല്ല മാഴ്കിനേൻ ഞാൻ;
45. പോകാതിരുന്നാലോ എന്നായിരുന്നുമേ
ശോകവും ഭീതിയും ശോഭനാത്മൻ!
46. ‘ആവതില്ലാത്തൊരിപ്പിഞ്ചുകിടാവുമീ
പ്പാവമാം സ്ത്രീയുമെൻ വിപ്രയോഗം

47. എങ്ങിനെ ഹാഹാ, പൊറുത്തീടുമെന്നായി
ഞങ്ങളിലേറിയ വാത്സല്യത്താൽ
48. ആയുധം കൈക്കൊണ്ടീലിപ്പോൾ ഭവാനെങ്കി-
ലായതിൻഹേതു ഞാനാകുമല്ലോ.
49. ഭത്താവിൻ കത്തവ്യനിഷ്ഠയ്ക്കു വിഘ്നമായ്
വത്തിക്കും ഭാൎയ്യതാൻ ഭാൎയ്യയാമോ?
50. വേളിയ്ക്കു ശേഷമിതേവരെ നാമൊരു
നാളിലും വേർപെട്ടിട്ടില്ലെന്നാലും,
51. വല്ലഭ, തെല്ലു നാളേയ്ക്കീവിയോഗം ഞാൻ
വല്ല ഭാഷേയ്ക്കും സഹിച്ചുകൊള്ളാം;
52. എന്നാൽ ഭവാനുടെ വീരപ്രശസ്തിയ്ക്കി
ന്നൊന്നാമതായ് വല്ല മാലിന്യവും
53. വന്നുപോയെങ്കിലെനിയ്ക്കു സഹിയ്ക്കാവ-
ല്ലെന്നു,മെൻജീവിതസൎവ്വസ്വമേ!
54. ആകയാൽ വൈരിജയത്തിനായ് നിശ്ശങ്കം
പോക; തേ മംഗളമാകമാൎഗ്ഗം!"
55. ധീരപ്രശാന്തമായിങ്ങിനെ തൻപ്രിയ-
ദാരങ്ങൾചൊല്ലുമുദാരവാക്യം
56. ശ്രോത്രപുടംവഴിയ്ക്കുള്ളിൽപ്പടയാളിതൻ
ഗാത്രത്തിലെങ്ങുമുൾപ്പുളകഗാഢം,
57. ചോരക്കുഴൽകൾക്കു ചൂടുപിടിപ്പിച്ചി-
ട്ടോരോ ഞെരമ്പിനും വേറെ വേറെ
58. നൂതനമായൊരു കെല്പേകി, ദിവ്യമാ-
മേതോരസായനമെന്നപോലെ.
59. തൻകരൾക്ഷേത്രാന്തമിണ്ടലുണ്ടായിരു-
ന്നെങ്കിലതുമുടൻ വിട്ടുമാറീ;
60. നേത്രതാരങ്ങളിൽ മുമ്പേത്തെക്കാളേറെ
ക്ഷാത്രതേജസ്സും സമുജ്ജ്വലിച്ചു.
61. 'ഉത്തമസ്ത്രീമണേ, മാപ്പുതരേണമെ-
ന്ന സ്ഥാനശങ്കയെയ്ക്കു'ന്നാത്തഹഷം
62. കൊണ്ടോടിപ്പത്നിയെക്കോമളദോൎദ്ദണ്ഡം-
കൊണ്ടാഞ്ഞു പുൽകിപ്പറഞ്ഞു കാന്തൻ:—

63. ധീരഗൃഹിണിയ്ക്കു ചേൎന്നതേ ചൊല്ലി നീ;
ദാരവാന്മാരിലാരെന്നോടൊപ്പം?
64. എന്നാലിറങ്ങിവരട്ടെ ഞാൻ, കുട്ടിയെ
നന്നായ് മനംവെച്ചു നോക്കേണമേ!"
65. വല്ലഭാശ്ലേഷസുഖാൽ കണക്കക്ഷികൾ
തെല്ലടഞ്ഞാസ്സാധ്വി നമ്മനേൎന്നാൾ:—
66. "ദുഷ്ടരെശ്ശിക്ഷിച്ചും ശിഷ്ടരെ രക്ഷിച്ചും
വിഷ്ടപമൊക്കെബ്ഭരിയ്ക്കും ദൈവം
67. ക്ഷത്രധൎമ്മസ്ഥനാമെൻ പ്രാണനാഥനു
നിത്യവും പിന്തുണയായ് വരട്ടേ!
68. ദുഷ്കരകൃത്യങ്ങൾ സാധിച്ചു മേൽക്കുമേൽ
മുഷ്കരമാററലർ വൻപടയിൽ
69. ഉൽക്കടാടോപമായ് ത്തത്തിക്കളിയ്ക്കട്ടേ
തൽക്കരവാളിടിവാളുപോലെ!!"
70. "സ്വച്ഛന്ദം മാററാർത്തലയ്ക്കു ചവിട്ടാൻപോ-
മച്ഛന്റെ തൃക്കാൽ വണങ്ങു കുഞ്ഞേ!!"
71. പൈതലെപ്പാത്തിതു ചൊൽകെ, മനസ്വിനി-
യാൾ തൻമിഴികളിൽനിന്നു താനേ
72. വീണുപോയ്, ഹാ, രണ്ടു വെൺപളുങ്കുമണി
ചേണുററ ഭൎത്താവിൻ ചേവടിയിൽ!!

3. ഇരുപത്തിനാലുവൃത്തം.

ഏഴാം വൃത്തം.

1. ജഗത്ത്രയെ ജനങ്ങളെപ്പിടിച്ചു തച്ചുകൊന്നുടൻ
ഞരമ്പറക്കടിച്ചു പച്ചമാംസഭക്ഷി രക്ഷസാം-
കുലംമുടിപ്പതിന്നുപായമെന്തുകൊൾവതെന്ന സൌ
വിചിന്തയാംബുഭ്രവഹാ! മുകുന്ദ, രാമ, പാഹിമാം.

2. കദാചിദംബരാലിറങ്ങിവന്നു രാവണാനുജാ
മനോഭിരാമ, ചാരുരൂപധാരിണീ, നിശാചരി,
മനോഭിരാമരാമനോടുകാമദീനമാനസാ
മനോഭിലാഷമോതിനാൾ. . . . .

3. "എനിക്കുകാന്തനില്ല, രാമ! നീയെനിക്കു കാന്തനായ്
ഭവിക്കവേണമംഗജാതുരക്കു സുന്ദരാനന!
മരിക്കുമല്ലായാകിൽ ഞാനരക്ഷണേന മാരമാൽ
മുഴുക്കകൊണ്ടു രാഘവ! . . . .

4. ഇതിപ്രഗത്ഭവാദിനീമെതിർത്തുനിന്നു രാഘവൻ
പതുപ്പിൽവെച്ചു സുന്ദരീം ചിരിച്ചുകൊണ്ടു ചൊല്ലിനാൻ,
"വരിച്ചുകൊൾക നീ ജഗൽപ്രസിദ്ധമാത്മസോദരം
സമസ്തകാമപൂരണം" . . . .

5. മനോഭിരാമരാമവാചമാദരേണ കേട്ടുടൻ
മനോഭിലാഷിതം നിജംപറഞ്ഞു ലക്ഷ്മണം തദാ;
അനാദരാലിണങ്ങുവോനിതല്ലയെന്നു കണ്ടുടൻ
നിതാന്തകാമമോഹിതാ . . . .

6. സലക്ഷണം പിടിച്ചെടുത്തുലക്ഷ്മണം നിശാചരീ
സുലക്ഷണംചമഞ്ഞുകൊണ്ടരക്ഷണം മുതിർന്നു സാ;
പുനഃക്ഷമാധരൻ മുതിർന്നരിഞ്ഞു കർണ്ണനാസികം
സമക്ഷമാശുനോക്കിനാൻ . . . .

7. മുറിച്ചചീനിപോലെ ഭൂതലത്തിൽ വീണരാക്ഷസി,
തൊഴിച്ചുകൊണ്ടു ചെന്നു സാ പഴിച്ചു ചൊന്ന വാക്കിനാൽ
മുഴുത്തകോപവാൻ ഖരനയച്ചു ബന്ധുമാശ്രിതം
ചതുർദ്ദശാശരാധിപാൻ . . . .

8. തനിച്ചുപോരിനാഞ്ഞുവന്നെതിർത്തകണ്ടു രാഘവൻ.
കുലച്ചുവില്ലു, സായകം തൊടുത്തയച്ചു സത്വരം;
ശരപ്രഭിന്നകന്ധരാശ്ചതുർദ്ദിശം പതിച്ചുപോയ്
ചതുർദ്ദശാശരാധിപാഃ . . . .

9. പിടിച്ചുകെട്ടുവാനുടനയച്ചുവിട്ട രാക്ഷസർ
മരിച്ചുപോയിതെന്നു കേട്ടരത്തകോപവാൻ ഖരൻ
അയച്ചു വമ്പെഴും പടജ്ജനത്തെയൊക്കെ ദൂഷണ-
ത്രിമൂർദ്ധനാദി രാക്ഷസാൻ . . . .

. . . .

10. സ, ലക്ഷ്മണം വിളിച്ചുകൊണ്ടെടുത്തുനിന്നു ജാനകീം
സുരക്ഷിതും നിധായതാം, തിരിച്ചുവിക്രമീതദാ;
കുലക്ഷയംവരുത്തുവാനടുത്തു ലക്ഷ്മണാഗ്രജൻ
അരക്ഷണേന രക്ഷസാം . . . .

11. ദ്വിസപ്തകം സഹസ്രമുള്ള രാക്ഷസർക്കു സംഗരേ,
എനിക്കെനിക്കിതേകനുണ്ടിതെന്നു തോന്നുമാറുടൻ
എതിർത്തരാമവിക്രമം പുകഴ്ത്തുവാൻ പണിപ്പെടും;
ജയിക്കവിശ്വനായകൻ . . . .

. . . .

12. ത്രിലോകനാഥപത്രികൊണ്ടു ചത്തുവീണ ദൂഷണൻ;
ത്രിലോകനാഥദൂഷണം ദുരുക്തികൊണ്ടു, രാമനും,
ത്രിഭിശ്ശരൈരറുത്തുടൻ ത്രിമൂർദ്ധകം ജിതശ്രമം
സ, ബാധയാ ജഗത്രയെ . . . .

. . . .

13. മഹാരഥോരഥം സമാരുരോഹഭീമനിസ്വനം,
മഹാതുരംഗജന്തുസംയുതം, മഹാബലോ, മഹാൻ,

ഖരാനനൻഖരസ്സമാസസാദരാഘവം ധനു-
ർദ്ധരോധനുർദ്ധരം, മുകുന്ദ . . . .
. . . .

14. ഖരസ്യതസ്യകണ്ഠവും മുറിച്ചുവിശപനായകൻ
പരംപുരത്തിലാക്കിനാൻ സുഖിച്ചിരിപ്പതിന്നു താൻ;
സുരപ്രമുഖപുഷ്പവൃഷ്ടിയേററു യുദ്ധഭൂമിയിൽ
ധനുസ്സമൎന്നിനിന്ന രാമചന്ദ്ര . . . . . .

15. തനിക്കു രക്ഷയായിരുന്ന രാക്ഷസത്രയം മരി-
ച്ചെമക്ഷയത്തിലാകകൊണ്ടു, ദുഃഖിതാ നിശാചരീ,
യമക്ഷയം വരുത്തിനോരുവീരനോട്ടണത്തിനാൾ,
വിലക്ഷണാ, വിരൂപിതാ, മുകുന്ദ . . . . .

16. ഞെളിഞ്ഞുകൊണ്ടിരുന്നഭോഷ! നീ പറഞ്ഞവാക്കുകേ-
ട്ടിവണ്ണമായ് ചമഞ്ഞി;തൃയല്ലകേൾക്ക രാവണാ:—
"രഘുപ്രവീരസായകാഗ്നിതന്നിൽ വീണെരിഞ്ഞുപോയ്
ഖരപ്രധാനനൈരൃതർ . . . .

17. വിരൂപിതാത്മസോദരീവചസ്സുകേട്ടു രാവണൻ,
സുകേതുനന്ദനാത്മജം വിളിച്ചുചൊല്ലിമെല്ലവേ;—
വശത്തുവെച്ചുകൊൾക കാനനത്തിൽനിന്നു രാഘവൌ,
കളിച്ചുകാഞ്ചനൈണമായ് . . . .

18. അടുത്തുവന്നു തുള്ളിവീണ പുള്ളിമാനിനെ ദ്രുതം
പിടിച്ചുകൊണ്ടുപോരുവാൻ കൊതിച്ചു, സീത ചൊല്ലിനാൾ
എടുത്തുവില്ലുമമ്പുമായടുത്തുവന്നു രാഘവൻ
തൊടുത്തു സായകം ഗുണേ. . . . .
. . . .

19. കപചിത്സമക്ഷമാത്മനസ്സമന്തതസ്സമാപത-
ന്നലക്ഷ്യബാണവേഗവാ,നുദാരമായി രാക്ഷസൻ
അലംഘനീയബാണമേററു രക്ഷ, രക്ഷ, രക്ഷ സ,
സ്സ, ലക്ഷ്മണേതി ദുഃഖിതോ . . . . . .

20. പിടിച്ചു രാക്ഷസൻ പതിം കടിച്ചുതിങ്കയെന്നുറ-
ച്ചുഴൽപിടിച്ചു ജാനകീ വിളിച്ചു ചൊല്ലി ലക്ഷ്മണം;—
"കടുക്കവില്ലുമമ്പു മായടുത്തുചെൽക ലക്ഷ്മണാ;
മടിക്കവേണ്ട നീ" ഹരേ, ...

4. സന്താനഗോപാലം.

1. അക്കാലമങ്ങൊരു വിപ്രനു നാലഞ്ചു
മക്കൾ പിറന്നു മരിച്ചുപോയി
2. ദുഃഖം പൊറാഞ്ഞവനക്കാലം ദ്വാരകാ
പുക്ക മുകുന്ദനോടേവം ചൊന്നാൻ.
3. ബാലമരണം നീ കേട്ടില്ലേ ഗോപാല!
നാലഞ്ചു ബാലന്മാർ നഷ്ടമായി
4. നാട്ടിന്നു രാജാവു നീയെന്നു കേൾക്കുന്നു
നാട്ടിലനൎത്ഥം ഭവിച്ചിതിപ്പോൾ.
5. കേട്ടാൽ നിനക്കൊരു കൂട്ടമില്ലേതുമെ
കേട്ടില്ലെന്നെല്ലോ നിനക്കു ഭാവം
6. എത്രകൊതിച്ചിട്ടു പുത്രന്മാരുണ്ടായി
എത്ര വഴിവാടു നേൎന്നു ഞാനും
7. വേദിയരെക്കൊണ്ടു വേദം ജപിപ്പിച്ചു
വേദാന്തകൎമ്മങ്ങളെല്ലാം ചെയ്തു
8. ക്ഷേത്രങ്ങളിൽ പൂജാപാത്രങ്ങൾ തീൎപ്പിച്ചു
ക്ഷേത്രം പലപല കേടുപോക്കി.
9. മാലാനിവേദ്യം വിളക്കും തുടങ്ങിച്ചു
മാലോകർ ചൊല്ലുന്നതെല്ലാം ചെയ്തു
10. പിന്നെത്തിരുവോണമൂട്ടും തുടങ്ങിച്ചു
എന്നല്ലേ ടോഗണഹോമം ചെയ്തു.
11. സോമവാരവ്രതമിന്നും മുടങ്ങീലാ
നാമൊന്നും ചെയ്യാഞ്ഞിട്ടല്ലിതൊന്നും
12. ഉണ്ടായ പുത്രന്മാരെല്ലാം മരിച്ചുപോയ്
കണ്ടാലുമെന്നുടെ കൎമ്മദോഷം.
13. പണ്ടാക്കമീവണ്ണമുണ്ടായില്ലാപത്തു
തണ്ടാർമകളുടെ കാന്ത! കേൾ നീ
14. നിന്നുടെ ദുഷ്കൎമ്മംകൊണ്ടിങ്ങനെ വന്നു
എന്നേ പറയുന്നു കേൾക്കുന്നോരും.

15. എന്നുടെ ദുഷ്കൎമ്മമെന്നേ പറയേണ്ടു
മന്നിൽ മററാൎക്കുമനൎത്ഥമില്ല്യാ
16. എന്നുള്ള വാക്കുകൾ കേട്ടു മുകിൽവൎണ്ണ-
നൊന്നും കുലുങ്ങീലതെല്ലപോലും.
17. മല്ലാരിക്കുൾബ്ഭാവമില്ലെന്നറിഞ്ഞാറെ
ഇല്ലത്തേക്കുമ്മാറു പോന്നു വിപ്രൻ.
18. പിന്നെയും ഭാൎയ്യ പ്രസവിച്ചു നല്ലൊരു
നന്ദനനുണ്ടായ്മരിച്ചുപോയി.
19. ഈവണ്ണമെട്ടു സുതന്മാർ മരിച്ചതും
ഗോവിന്ദനോടേവം ചെന്നു ചൊല്ലി
20. അന്നന്നതിങ്ങിനെ കണ്ടാലും കേട്ടാലു-
മൊന്നും കുലുങ്ങീല വാസുദേവൻ.
21. ഒമ്പതാം പുത്രൻ പിറന്നു മരിച്ചപ്പോൾ
സംഭ്രമം പൂണ്ടിതു ഭൂമിദേവൻ
22. ഉണ്ണിതൻ ചത്തശവവുമെടുത്തുടൻ
കണ്ണന്റെ മുമ്പിൽ കിടത്തിച്ചൊന്നാൻ.
23. കണ്ണുമിഴിച്ചു മരിച്ചുകിടക്കുന്ന
ഉണ്ണിയെക്കണ്ണ! നീ കണ്ടുകൊൾക
24. പെണ്ണുങ്ങളോടിടകൂടീരസിക്കുന്ന
പൊണ്ണന്മാൎക്കുണ്ടോ വിശേഷജ്ഞാനം.
25. എണ്ണമില്ലാതോളം ഭാൎയ്യമാരുണ്ടായി
സ്വൎണ്ണാദിസമ്പത്തുമേററമുണ്ടായ്
26. സംഖ്യയില്ലാതോളം പുത്രരുമുണ്ടായി
പുത്രന്റെ പുത്രനും പൌത്രന്മാരും.
27. നല്ല സുഖമെന്റെ കൃഷ്ണ! നിനക്കിപ്പോ-
ളല്ലാതെ മറെറാരു ചിന്തയില്ല
28. നാട്ടിലിരിക്കും ജനത്തിന്റെ സങ്കടം
കേട്ടാലുമില്ലൊരു ഭാവഭേദം.
29. കാരുണ്യമില്ലാത്ത കശ്മല! നിന്നുടെ
സാരസ്യഭംഗികളാൎക്കു ചേരും.
30. അമ്മാവനെക്കൊലചെയ്തു നിനക്കിപ്പോൾ
സമ്മാനിപ്പാനായിക്കൊണ്ടു പോന്നേൻ.

31. ദൃഷ്ടിയുറച്ചുമരിച്ചുകിടക്കുന്ന
ദുഷ്ട! നീ ബാലനെ കണ്ടുകൊൾക
32. കൊഞ്ചുവാൻ നിന്നെയെടുത്തൊരു പെണ്ണിനെ
വഞ്ചിച്ചു കൊന്നീലെ ഗോവിന്ദ! നീ.
33. നിന്നുടെ മുമ്പിൽ ഞാൻ പ്രാണൻകളവാനാ-
യുന്നു ധരിയ്ക്ക നീ വാസുദേവ!
34. വിപ്രന്റെ വാക്കുകളീവണ്ണം കേട്ടപ്പോൾ
ക്ഷിപ്രം പറഞ്ഞിതു പാൎത്ഥൻ താനും.
35. ദുൎഭാഷണം മതിപോരും മഹീസുര!
ദുൎവ്വാക്കുകൊണ്ടു ഫലമില്ലേതും
36. പത്താം കുമാരനെ പാലിയ്ക്കുന്നുണ്ടു ഞാൻ
പാൎത്താലും വിപ്ര! നീ യത്നനാളും.

1. ഭാരതം.

ഭാരതം കിളിപ്പാട്ടിൻെറ കൎത്താവ് ഭാഷാകവികളിൽ എല്ലാംകൊണ്ടും മുന്നണിയിൽ നില്ക്കുന്ന തുഞ്ചത്തെഴുത്തച്ഛനാണ്. ഇദ്ദേഹത്തെ മലയാളഭാഷയുടെ ജനകനായിത്തന്നെ വിചാരിക്കാം. മലയാളഭാഷയ്ക്കു വേണ്ടതുവിധം നിലയും, വിലയും ഉണ്ടാക്കിത്തീൎത്തതും ഈ മഹാൻ തന്നേയാണ്. ഇദ്ദേഹത്തിൻെറ ജനനം കൊല്ലവൎഷം 755നും 820നും മദ്ധ്യേയാണെന്നാണ് വിചാരിക്കപ്പെടുന്നത്. ഇതിൽ സന്ദിഗ്ദ്ധങ്ങളായ അഭിപ്രായങ്ങൾ പലതും പുറപ്പെട്ടുവിച്ചു കാണുന്നുണ്ട്. ഇദ്ദേഹത്തിൻെറ ജന്മഭൂമി പൊന്നാനിത്താലൂക്കിൽ വെട്ടത്തുപുതിയങ്ങാടിക്കു സമീപം തൃക്കണ്ടിയൂര് പരശുരാമക്ഷേത്രത്തിന്നടുത്തുള്ള തുഞ്ചൻപറമ്പെന്നു പറഞ്ഞുവരുന്ന സ്ഥലത്താണെന്നാണറിയുന്നത്. ഈ സ്ഥലം തിരൂർ തീവണ്ടിയാപ്പീസ്സിന്നടുത്താണ്. ചെറുപ്പത്തിൽ തന്നെ വേണ്ട വിദ്യാഭ്യാസമെല്ലാം ചെയ്ത് പത്തുപതിനാറു വയസ്സായപ്പോൾ ഇദ്ദേഹം തൻെറ വീട്ടിന്നടുത്തുതന്നെ ഒരെഴുത്തുപള്ളി കെട്ടി സ്വദേശീയരായ ബാലികാബാലന്മാരെ വിദ്യാഭ്യാസം ചെയ്യിച്ചുതുടങ്ങിയെന്നും, അതുമുതലാണ് നമുക്കേററവും സുപരിചിതമായ എഴുത്തച്ഛൻ എന്ന പേരിന്ന് താൻ അൎഹനായതെന്നും ഐതിഹ്യമുണ്ട്. ഇങ്ങിനെ കുറേക്കാലം അദ്ധ്യാപകവൃത്തിയിൽ കഴിച്ചശേഷം ഉദ്ദിഷ്ടകാൎയ്യനിൎവ്വഹണത്തിന്നായി വിദേശസഞ്ചാരം ചെയ്തുവെന്നും, രാമാനുജാചാൎയ്യരുടെ ശിഷ്യസ്ഥാനത്തെ സ്വീകരിച്ചു പല ശാസ്ത്രങ്ങളും അഭ്യസിച്ചുവെന്നും അറിയുന്നു.

ഭാഷയിൽ "കിളിപ്പാട്ട്" എന്ന ഒരു പ്രസ്ഥാനം ഏൎപ്പെടുത്തി അതിന്നിത്ര പ്രചാരം വരുത്തിയതും എഴുത്തച്ഛനാണ്. കവിതകൾ കിളിയെക്കൊണ്ട് പറയിക്കുന്ന നിലയിൽ ഉണ്ടാക്കിയതുകൊണ്ടാണ് കിളിപ്പാട്ട് എന്ന പേർ കൊടുപ്പാൻ കാരണം. ഇങ്ങിനെ നിൎമ്മിച്ചതിന്നും തക്കതായ കാരണം ഇല്ലാതിരിക്കയില്ല. എന്നാൽ ഇപ്പോൾ ഇതിന്ന് പല കാരണങ്ങളും പണ്ഡിതന്മാർ ഊഹിച്ചു പറയുന്നുണ്ട്. ഭഗവാൻ

തത്തയുടെ രൂപത്തിൽ വന്ന് എഴുത്തച്ഛന്ന് ജ്ഞാനോപദേശം ചെയ്തുകൊണ്ടാണെന്നു ചിലരും, സരസ്വതിയുടെ കയ്യിലുള്ള കിളിയ്ക്കു സാന്നിദ്ധ്യം കൂടുകയാൽ അങ്ങിനെയുള്ള ഒരു കിളിയെക്കൊണ്ടു പറയിച്ചതാണെന്നു മററു ചിലരും, ഋഷിപ്രോക്തങ്ങളായ പുരാണങ്ങളുടെ തർജ്ജമയിൽ തനിയ്ക്കു "അററം" എന്ന ദോഷം പററാതിരിപ്പാൻ വേണ്ടിയാണെന്നു വേറെ ചിലരും പറഞ്ഞുവരുന്നു. ഇവയിൽ ഇന്നതു ശരിയാണെന്നോ, അഥവാ എല്ലാം ശരിയാണെന്നോ പറയുവാൻ വയ്യാ. എങ്കിലും ഒരു മനുഷ്യൻെറ വാക്കിനെക്കാൾ കൌതുകം കിളികളുടെ വാക്കുകളാകയാൽ അതുദ്ദേശിച്ച് അങ്ങിനെ ചെയ്യിച്ചതാണെന്നു അഭിപ്രായപ്പെടുന്നതിലും വലുതായ യുക്തിഭംഗമുണ്ടെന്നു തോന്നുന്നില്ല.

എഴുത്തച്ഛൻെറ കൃതികളിൽ (അറിവിൽ പെട്ടവയിൽ) പ്രധാനമായവ രാമായണം കിളിപ്പാട്ട്, രാമായണം ഇരുപത്തുനാലുവൃത്തം, ഭാരതം, ഭാഗവതം, ഹരിനാമകീർത്തനം മുതലായവയാണ്.

ശ്രീകൃഷ്ണസാരഥിയായ അർജ്ജുനൻ കൌരവസംഹാരം ചെയ്യുവാൻ പോർക്കളത്തിൽ ചെന്നപ്പോൾ, കൌരവസൈന്യാധിപതിയായ കർണ്ണൻെറ സാരഥ്യം വഹിച്ചിരുന്ന ശല്യർ അവരെപ്പററി കർണ്ണനോടു പറയുന്നതും, കൌരവപാണ്ഡവന്മാരുടെ യുദ്ധവും, ഭീമദുശ്ശാസനന്മാരുടെ ദ്വന്ദ്വയുദ്ധവും, ദുശ്ശാസനവധവുമാണ് ഇവിടെ എടുത്തിരിയ്ക്കുന്നതു.

(1) വിജയൻ = അർജ്ജുനൻ.
വിളങ്ങിക്കാണായി = ശോഭിച്ചു കണ്ടു.
വിബുധകളധിപതി = വിബുധകളുടെ അധിപതി (ശ്രീകൃഷ്ണൻ).
വിബുധകൾ = ദേവന്മാർ.
അധിപതി = നാഥൻ.
(2) തരുണഭാസ്കരൻ = ബാലസൂര്യൻ.
അരുണൻ = സൂര്യസാരഥി.
(3) ഹരിയുതഹരിഹയതനയൻ = ഹരിയുതനായിരിയ്ക്കുന്ന

ഹരിഹയതനയൻ (ശ്രീകൃഷ്ണനോടുകൂടിയ ഇന്ദ്രപു ത്രനായ അർജ്ജുനൻ).
ഹരിയുതൻ = ഹരിയോടുകൂടിയവൻ.
ഹരി = വിഷ്ണു (കൃഷ്ണൻ).
ഹരിഹയതനയൻ = ഹരിഹയന്റെ തനയൻ.
ഹരിഹയൻ = ദേവേന്ദ്രൻ.
തനയൻ = പുത്രൻ.
ഹരിണവാജിരാജിതരഥോപരി = ഹരിണങ്ങളായ വാജികളാൽ രാജിതമായ രഥത്തിൽ (വെള്ളക്കുതിരകളെ പൂട്ടിയ തേരിൽ).
ഹരിണങ്ങൾ = വെള്ളനിറമുള്ളവ.
വാജികൾ = കുതിരകൾ.
രാജിതം = ശോഭിക്കപ്പെട്ടത്. [ൻ).
(4) ഹരിദശ്വാത്മജൻ = ഹരിദശ്വന്റെ ആത്മജൻ (കർണ്ണ
ഹരിദശ്വൻ = സൂര്യൻ. (സൂര്യന്റെ രഥാശ്വങ്ങൾ പച്ചനിറമുള്ളവയാകയാൽ ഈ പേർ സിദ്ധിച്ചു.)
ആത്മജൻ = പുത്രൻ.
(5) ഇഹ = ഇവിടെ. [നൻ).
വലരിപുതനയൻ = വലരിപുവിന്റെ തനയൻ (അർജ്ജു
വലരിപു = ദേവേന്ദ്രൻ.
(6) മുനികൾമാനസതളിർ = മുനികളുടെ മാനസതളിർ.
മുനികൾ = മഹർഷിമാര്.
മാനസതളിർ = തളിർപോലെയിരിയ്ക്കുന്ന മാനസം.
മാനസം = മനസ്സ്.
ഗോപവനിതമാര് = ഗോപസ്ത്രീകൾ.
(7) അമ്മാറു = അങ്ങിനെ.
(9) നെറുക = മൂർദ്ധാവ്.
തിറമൊടു = ഉറപ്പോടെ.
കരിമുകിൽ = കാർമേഘം.
ചികുരഭാരം = തലമുടിക്കെട്ട്.
(10) മണികൾ = രത്നങ്ങൾ.
മണിക്കിരീടം = ശ്രേഷ്ഠമായ കിരീടം.

കുനുകുനെ = കൊച്ചുകൊച്ചായിട്ടു വളരെ.

ചിന്നം = ചിതറിയ.

കുറുനിര = നെററിയിൽ വരിയായിട്ടുണ്ടാകുന്ന കൊച്ചു തലമുടി.

(11) നനുനനെ = നേൎമ്മയായി.

തിലകം = തൊടുകുറി.

(12) ഭരിച്ചു = രക്ഷിച്ചു.

സംഹരിച്ചു = നശിപ്പിച്ചു.

ചില്ലീയുഗളഭംഗി = ചില്ലീയുഗളത്തിൻെറ ഭംഗി.

ചില്ലീയുഗളം = രണ്ടു കൺപുരികം.

(13) അടിയാര് = ആശ്രിതന്മാര്.

ഉരുകരുണ = അതിസ്നേഹം.

എഴുന്ന = വൎദ്ധിച്ചു.

(14) മടുമൊഴിമാർ = മടുപോലെയുള്ള മൊഴിയുള്ളവർ (സുന്ദരിമാർ).

മടു = തേൻ.

മൊഴി = വാക്ക്.

രാഗം = സ്നേഹം.

കലഹം = യുദ്ധം.

അത്ഭുതരസങ്ങൾ = ആശ്ചൎയ്യഭാവങ്ങൾ.

(15) ചപലന്മാർ = ഭീരുക്കൾ.

ഹാസ്യം = പരിഹാസം.

(16) പലവും = പലതും.

നവനവരസം = പുതിയപുതിയ ഭാവം.

(17) മകരകുണ്ഡലം = മത്സ്യാകൃതിയിലുള്ള കൎണ്ണഭൂഷണം.

പ്രതിബിംബിക്കുന്ന = നിഴലിക്കുന്ന.

മുഖസരോജം = സരോജംപോലെയുള്ള മുഖം.

സരോജം = താമര.

(18) സുമന്ദഹാസം = നല്ല പുഞ്ചിരി.

(19) സരസിജങ്ങൾ = താമരകൾ.

(20) തടയും = ഉരസുന്ന.

കൌസ്തുഭമണി = കൌസ്തുഭരത്നം (മഹാവിഷ്ണു ധരിയ്ക്കു
ന്ന രത്നം).

(21) ഗളം = കഴുത്തു.

കരതലം = കൈത്തലം.

(22) തിരുമറു മാറ് = തിരുമറുവോടുകൂടിയ മാറ്.

തിരുമറു = ശ്രീവത്സം. (മഹാവിഷ്ണുവിൻെറ മാറിലുള്ള
ഒരു മുടയാളം.)

മഞ്ഞപ്പൂന്തുകിൽ = മഞ്ഞപ്പട്ട്.

കാഞ്ചി = അരഞ്ഞാൺ.

(23) പദസരോരുഹയുഗം = പദസരോരുഹങ്ങളുടെ യുഗം.

പദസരോരുഹങ്ങൾ = സരോരുഹങ്ങൾ പോലെയിരി
യ്ക്കുന്ന പദങ്ങൾ.

സരോരുഹങ്ങൾ = താമരകൾ.

പദങ്ങൾ = കാലുകൾ.

യുഗം = രണ്ട്.

(24) മണിരഥം = ശ്രേഷ്ഠമായ തേര്.

അകം കുളുക്കവേ = മനസ്സന്തോഷത്തോടെ.

മണിവണ്ണൻ = മണിയുടെ വണ്ണംപോലെയുള്ള വണ്ണ
മുള്ളവൻ (ശ്രീകൃഷ്ണൻ).

മണി = രത്നം.

(25) വിളയാടിടണം = കളിയ്ക്കണം.

(26) വില്ലൊലി = വില്ലിൻെറ ശബ്ദം.

(27) കുരുവരൻ = കുരുശ്രേഷ്ഠൻ (ദുൎയ്യോധനൻ).

ഇളയവർകൾ = അനുജന്മാര്.

ഗുരുതനയൻ = ഗുരുവിൻെറ തനയൻ (ദ്രോണപുത്ര
നായ അശ്വത്ഥാമാവ്).

(28) അണഞ്ഞു = പ്രാപിച്ചു (എത്തിച്ചേൎന്നു).

പൊഴിഞ്ഞു = വൎഷിച്ചു (തൂകി).

(29) അരികൾ = ശത്രുക്കൾ.

ശരനികരം = ബാണസമൂഹം.

(30) അകമെ = മനസ്സിൽ (ഉള്ളിൽ).

ഭീതിപൂണ്ടു = ഭയത്തെ പ്രാപിച്ചു.

കൌരവർ = കുരുക്കൾ.

(31) നരകരിരഥതുരഗപങ്ക്തികൾ = നരന്മാരുടെയും കരികളുടേയും രഥങ്ങളുടേയും തുരഗങ്ങളുടേയും പങ്ക്തികൾ.

നരന്മാർ = മനുഷ്യന്മാർ.

കരികൾ = ആനകൾ.

രഥങ്ങൾ = തേരുകൾ.

തുരഗങ്ങൾ = കുതിരകൾ.

പങ്ക്തികൾ = സമൂഹങ്ങൾ.

പുക്ക = പ്രാപിച്ചു (ചെന്നു).

അനിലനന്ദനൻ = അനിലന്റെ നന്ദനൻ (ഭീമൻ).

അനിലൻ = വായു.

നന്ദനൻ = മകൻ.

(32) അരികുലാന്തകൻ = അരികുലത്തിന്റെ അന്തകൻ.

അരികുലം = ശത്രുവംശം.

പൊരുതു = യുദ്ധംചെയ്തു.

ഇടർപെടുന്നതു = ബുദ്ധിമുട്ടുന്നതു.

(33) പരിചൊടു = ശരിയായി.

പുരന്ദരാത്മജൻ = പുരന്ദരന്റെ ആത്മജൻ (അർജ്ജുനൻ).

പുരന്ദരൻ = ദേവേന്ദ്രൻ.

പരംപുരുഷൻ = ശ്രീകൃഷ്ണൻ.

(34) പെരുത് = വൎദ്ധിച്ചു.

ഏതും = അല്പവും.

(35) മഥുരേശൻ = മഥുരയ്ക്കു ഈശനായവൻ (ശ്രീകൃഷ്ണൻ).

(36) യുധിഷ്ഠിരർ = ധൎമ്മപുത്രര്.

വശക്കേട് = അവശത.

ഭാനുതനയൻ = ഭാനുവിന്റെ തനയൻ (കൎണ്ണൻ).

ഭാനു = സൂൎയ്യൻ.

(37) അടിത്താർ = പുഷ്പംപോലെയുള്ള കാലടി.

കൂപ്പിനാൻ = തൊഴുതു.

ഫൽഗുനൻ = അൎജ്ജുനൻ.

(38) അനുക്ഷണം = ഉടനെ.

അനുജ്ഞാ = അനുമതി.

കനക്കവേഗത്തിൽ = വളരെ വേഗത്തിൽ.
പാൎത്ഥൻ = പൃഥയുടെ പുത്രൻ (അൎജ്ജുനൻ).
പൃഥാ = കുന്തി.
(39) ത്രിഭുവനം = മൂന്നു ലോകം (സ്വൎഗ്ഗം, ഭൂമി, പാതാളം).
നടുങ്ങിടും = ഞെട്ടുന്ന.
തേരുരുളൊലി = തേരുരുളുകളുടെ ഒലി.
ഒലി = ശബ്ദം.
(40) അലറും = അട്ടഹസിയ്ക്കുന്ന.
അനുപമം = ഉപമിയ്ക്കാൻ കഴിയാത്തതു.
ഗുണനിനാദം = ഞാണൊലി.
ഗുണം = വില്ലിൻെറ ഞാൺ.
(41) ത്വരിതം = വേഗം.
കുരുവരസൈന്യം = കുരുവരൻെറ സൈന്യം.
(42) പട = സൈന്യം.
കടുക്കനെ = വേഗത്തിൽ (ത്രക്ഷതയോടെ).
(43) വൃകോദരൻ = ഭീമസേനൻ.
(44) അടവു = ഓരോവിധമുള്ള ആയുധാഭ്യാസം.
(45) സമരം = യുദ്ധം.
വിവാദിയ്ക്ക = വ്യവഹരിക്ക (വാദപ്രതിവാദം ചെയ്യുക).
(46) മാരുതി = മാരുതൻെറ മകൻ (ഭീമൻ).
ചുവട് = അഭ്യാസികളുടെ കാലുവെപ്പ് (കാൽചുവട്).
അടിരണ്ടുംവാരി = കാലുരണ്ടും വലിച്ചെടുത്തു.
(48) അമൎത്ത്യമൎത്ത്യന്മാർ = അമൎത്ത്യന്മാരും മൎത്ത്യന്മാരും.
അമൎത്ത്യന്മാർ = ദേവന്മാർ.
മൎത്ത്യന്മാർ = മനുഷ്യന്മാർ.
ചളിപ്പുകൈവിട്ടു = മടിയ്ക്കാതെ.
(49) പൊളിച്ചു = പിളൎന്നു.
തുടുതുടെ = തുടരെ തുടരെ.
(50) ചുടുചുടെ = ചൂടോടെ.
അരുവിയാർ = മലയിൽനിന്നൊഴുകിവരുന്ന ജലം.
തുടുതുടെ = കടുംചുകപ്പോടെ.
രുധിരപൂരം = രക്തപ്രവാഹം.

(51) കുട്ടകുടെ = കുട്ടകുട എന്ന ശബ്ദത്തോടെ.
പെരുവെള്ളം = വെള്ളപ്പൊക്കം.
ശോണിതം = രക്തം.
(52) കവിഞ്ഞ = മുഖംതാഴ്ത്തി.
(53) മദിച്ച = മത്തനായ്തീൎന്ന.
(54) മുതിൎന്ന = വളൎന്ന (ശക്തികൂടി).
ഉദരം = വയർ.
കുടർമാല = കുടൽമാല.
(55) തുടർമാല = കഴുത്തിൽ ധരിയ്ക്കുന്ന ഒരാഭരണം.
അടർക്കളം = പോർക്കളം.
പൊടിപെടുംവണ്ണം = പൊടിയായിതീരും വിധം.
(56) പശുസമർ = മൃഗതുല്യന്മാർ (പശുപ്രായർ).
(58) കൂത്താടി = നൃത്തം ചെയ്തു.
(61) പൊരുൾ = അൎത്ഥം (കാൎയ്യം).
അരചൻ = രാജാവ് (ധൎമ്മപുത്രര്).
പൊടുക്കനവെ = വേഗത്തിൽ.
ഉരത്ത = ശക്തനായ.
(62) നൎത്തകി = നൃത്തം ചെയ്യുന്നവൾ.
നടപ്രവരൻ = നടശ്രേഷ്ഠൻ.
മത്തൻ = മദമുള്ളവൻ (മദിച്ചവൻ).
(63) നരഹരി = നരസിംഹമൂൎത്തി.
ഹിരണ്യൻ = ഹിരണ്യകശിപു.
കുരുതി = മഞ്ഞളും ചുണ്ണാമ്പും കൂട്ടിക്കലക്കിയ ജലം (ഇവിടെ ഹിരണ്യകശിപുവിൻെറ ദേഹത്തിൽനിന്ന പ്രവഹിച്ച രക്തമെന്ന സാരം).
അണിഞ്ഞിരിപ്പതു പോലെ = ധരിച്ചിരിയ്ക്കുന്നതു പോലെ. (മഹാവിഷ്ണു നരസിംഹമൂൎത്തിയായവതരിച്ച അതിദുഷ്ടനായ ഹിരണ്യകശിപുവെ വധിച്ച, അവൻെറ പുത്രനും പരമഭക്തനുമായ പ്രഹ്ലാദനെ രക്ഷിച്ചുവെന്ന പുരാണപ്രസിദ്ധം).

(64) അടൽക്കളം = പോർക്കളം.
മാററാർ = ശത്രുക്കൾ.

(65) കുരുവരസഹോദരന്മാർ = കുരുവരന്റെ സഹോദരന്മാർ.
സഹോദരന്മാർ = അനുജന്മാർ.

(66) പെരുത്ത = വദ്ധിച്ച.

൨. ഒരു വീരപത്നി.

ഭാഷാസാഹിത്യഭണ്ഡാരത്തെ പരിപൂൎണ്ണമാക്കുവാൻ പരിശ്രമിച്ചുവരുന്ന ആധുനികപണ്ഡിതപ്രൌഢന്മാരിൽ പ്രധാനപദത്തെ സൎവ്വഥാ അൎഹിക്കുന്ന "കവിസാൎവ്വഭൌമ"നായ വള്ളത്തോൾ നാരായണ മേനോൻ അവൎകളാണ് ഈ ഖണ്ഡകൃതിയുടെ കൎത്താവ്.

ഇദ്ദേഹം പൊന്നാനിത്താലൂക്കിൽ പെട്ട മംഗലം അംശത്തിൽ പുല്ലാണിദേശത്തുള്ള "വള്ളത്തോൾ" എന്ന പ്രസിദ്ധതറവാട്ടിലെ ഒരംഗമാണ്. വേട്ടത്തുനാട്ടു മുഴുവനും പണ്ടു ഭരിച്ചുവന്ന വേട്ടത്തുരാജാക്കന്മാരിൽ ഒടുവിലേത്തെ ആളുടെ മന്ത്രിയും, സാമാന്യം പ്രസിദ്ധനും ആയ കോന്തിമേനോൻ കാൎയ്യക്കാരുടെ ജനനംകൊണ്ടു് ഈ കുടുംബത്തിന്നും മലയാളചരിത്രത്തിൽ മുമ്പേതന്നെ ഒരു പേർ സിദ്ധിച്ചിട്ടുണ്ട്. കുലമഹിമ ഇദ്ദേഹത്തിൻെറ സാഹിത്യപരിശ്രമങ്ങളിലും പുലൎത്തിയ്ക്കൊണ്ടു പോന്നിട്ടുണ്ടെന്നതിലേയ്ക്കു ഭാഷാസാഹിത്യത്തിൽ മിസ്റ്റർ മേനവന്നു കല്പിച്ചുകിട്ടിയ ബിരുദുകൾ തന്നെ സാക്ഷ്യം വഹിയ്ക്കുന്നുണ്ടു്.

വാത്മീകിരാമായണം വൃത്താനുവൃത്തം തൎജ്ജമയോടുകൂടിയാണ് മേനവൻെറ കവിതാചാതുൎയ്യവും, വൈഭവവും അറിവാനിടയായത്. അതിന്നു ശേഷം സ്വതന്ത്രകൃതികളെക്കൊണ്ടും മാസികാപ്രവൎത്തനങ്ങളെക്കൊണ്ടും ഭാഷാപോഷണവിഷയത്തിൽ മേനവൻ ഇന്നും പരിശ്രമിച്ചുകൊണ്ടു തന്നേയിരിയ്ക്കുന്നു. അദ്ദേഹത്തിൻെറ ഖണ്ഡകൃതികളും, ഗാനങ്ങളും ഭാഷാഭണ്ഡാരത്തിലെ അനൎഘരത്നങ്ങൾ തന്നേയാണ്. നിൎദ്ദോഷമായ ശബ്ദഭംഗി, സുഗ്രാഹമായ അൎത്ഥപുഷ്ടി, മനസ്സലിയിക്കുന്ന മാധുൎയ്യം, രമണീയമായ പ്രകൃതിപ്രകാശനം മുതലായ ഗുണങ്ങളാണ് മേനവൻെറ കവിതയ്ക്കുള്ള വൈശിഷ്ട്യങ്ങൾ.

സാഹിത്യകലാമണ്ഡലത്തിൻെറ പരിഷ്കരണത്തിന്നായി മിസ്റ്റർ മേനവൻ ഇപ്പോൾ ചെയ്തുവരുന്ന അശ്രാന്തപരിശ്രമഫലവും അനുഭവിപ്പാനുള്ള ഭാഗ്യം കേരളീയൎക്ക് അചിരേണ ഉണ്ടാകാതിരിയ്ക്കയില്ല.

ഇദ്ദേഹത്തിൻെറ പ്രധാനകൃതികൾ; വാത്മീകിരാമായണം വൃത്താനുവൃത്തം തൎജ്ജമ, ചിത്രയോഗം ഭാഷാമഹാകാവ്യം, അനിരുദ്ധൻ—അനവധി ഖണ്ഡകൃതികൾ മുതലായവയാകുന്നു.

ഒരു വീരതരുണി ചിന്താനിമഗ്നയായി തൻെറ ഓമനപ്പുത്രനോടൊന്നിച്ചു മണിയറയിലിരിക്കുന്നതും, തദവസരത്തിൽ അവളുടെ പ്രിയതമൻ യുദ്ധയാത്രോചിതമായ വേഷത്തിൽ അവിടെ ചെന്നു അവളുടെ വിചാരഹേതുക്കളെപ്പററി ചോദിയ്ക്കുന്നതും, അതിന്നു അവളുടെ ഉത്തരവുമാണ് ഈ ഖണ്ഡകൃതിയിലെ ഇതിവൃത്തം.

(1) സച്ചിത്രവസ്തുക്കൾ = മനോഹരങ്ങളായ പലവിധ സാധനങ്ങൾ.
പൂമച്ച് = മണിയറ.
മഞ്ചം = കട്ടിൽ.
(2) സ്തബ്ധാ = നിശ്ചലാ.
ചെന്തൊണ്ടിവായ്മലരാൾ = ചെന്തൊണ്ടിപോലെയുള്ള വായ്മലരുള്ളവൾ.
ചെന്തൊണ്ടി = ചുകന്ന തൊണ്ടിപ്പഴം.
വായ്മലർ = അധരം.
(3) ശീമ = അന്യരാജ്യം.
കോമളത്തങ്കപ്പെൺപാവ = കോമളമായ തങ്കപ്പെൺപാവു.
കോമളം = മനോഹരം.
(4) കാർകുലം = മേഘമാല.
വാർകുഴൽ = തലമുടി.
(5) നീലാളകാവൃതം = നീലങ്ങളായ അളകങ്ങളാൽ ആവൃതമായത്.
അളകങ്ങൾ = കുറുനിരകൾ.
ആവൃതം = മൂടപ്പെട്ടതു (മറയ്ക്കപ്പെട്ടതു).
നിൎമ്മലഫാലദേശം = നിൎമ്മലമായ ഫാലദേശം.
ഫാലദേശം = നെററിത്തടം.

മങ്ങൽ = വാട്ടം.

(6) ഇടംപെട്ട = വിശാലമായ.

ദീപ്തി = പ്രകാശം.

(7) ചെമ്പട്ട = ചുകന്ന പട്ട്.

ഓമനഗ്ഗണ്ഡം = മനോഹരമായ കവിൾത്തടം.

കരത്തളിർ = തളിർപോലെയിരിക്കുന്ന കരം.

കരം = കൈ.

(8) ഉന്നതമാറണിപ്പൂഞ്ചേല = ഉന്നതമായിരിക്കുന്ന മാറിൽ അണിഞ്ഞ പൂഞ്ചേല.

പൂഞ്ചേല = നല്ല വസ്ത്രം.

(9) തന്നന്തികം = തൻെറ സമീപം.

അന്തികം = സമീപം.

ചിന്നപ്പൂന്തിങ്കൾ = ബാലചന്ദ്രൻ.

(10) കാട്ടകാട്ടുക = പലതും ചെയ്യുക. (നിഷ്പ്രയോജനമായി പലതും ചെയ്യുക).

(11) ശൂന്യനിലം = വെറുംനിലം.

തരുണീ = സുന്ദരി.

(12) ക്രീഡാരസൈകതാനൻ = ക്രീഡാരസത്തിൽ ഏകതാനനായവൻ.

ക്രീഡാരസം = കളിയിലുള്ള രസം.

ഏകതാനൻ = തല്പരൻ.

(13) ചിന്താപരിക്ലേശം = ചിന്തകൊണ്ടുള്ള പരിക്ലേശം.

പരിക്ലേശം = ദുഃഖം.

(14) രൂപം = ആകൃതി.

(15) ചാരു = മനോഹരമായ.

(16) അക്ഷണം = ഉടനെ.

കളിപ്പാട്ടങ്ങൾ = കളിക്കോപ്പുകൾ.

അക്ഷമൻ = ക്ഷമയില്ലാത്തവൻ.

കൊച്ചുബാലൻ = ചെറിയ ആൺകുട്ടി.

(17) ഏവം = ഇപ്രകാരം.

അസ്പഷ്ടവർണ്ണം = അസ്പഷ്ടമായ വർണ്ണം.

അസ്പഷ്ടം = അവ്യക്തം.

വണ്ണം = അക്ഷരം.
സ്വച്ഛാമൃതോപമം = സ്വച്ഛമായ അമൃതത്തിന്നു തുല്യമായി.
സ്വച്ഛം = നിൎമ്മലം.
കൊഞ്ചുക = കളിവാക്കു പറയുക.
(18) ധന്യൻ = ഭാഗ്യവാൻ.
ജാനുക്കൾ = കാൽമുട്ടുകൾ.
ആഞ്ഞുപുണൎന്നാൻ = ഓടിവന്നാലിംഗനം ചെയ്തു. (കെട്ടിപിടിച്ചു.)
(19) ആയാമം = നീളം.
തന്മാൎത്തട്ട് = അവന്റെ മാൎത്തട്ട്.
(20) മൂല്യം = വില.
മാണിക്യമാല്യം = മാണിക്യമാല.
(21) ഇളംചെഞ്ചോരിവായ്മലർ = ഇളയ ചെഞ്ചോരി പോലേയിരിയ്ക്കുന്ന വായ്മലർ.
ചെഞ്ചോരി = ചെന്തൊണ്ടി.
ഉമ്മവെച്ചാൻ = ചുംബിച്ചു.
(22) മംഗളാംഗി = മംഗളങ്ങളായ അംഗങ്ങളുള്ളവൾ. (സുന്ദരി).
(23) വെക്കം = വേഗം.
(24) സന്തതപ്രേമാൎദ്രപുഞ്ചിരി = എപ്പോഴുമുള്ളപ്രേമത്താൽ ആൎദ്രമായ പുഞ്ചിരി.
ആൎദ്രം = നനഞ്ഞതു. (മസൃണമായതു).
തന്നന്തൎഗ്ഗൃഹാതിഥി = തന്റെ അന്തൎഗ്ഗൃഹത്തിലെ അതിഥി.
അന്തൎഗ്ഗൃഹം = ഗൃഹാന്തൎഭാഗം.
അതിഥി = അഭ്യാഗതൻ.
അൎഘ്യം = പൂജാവിധി.
(25) യുദ്ധയാത്രോചിതം = യുദ്ധയാത്രയ്ക്കു പററിയ.
മാത്ര = നിമിഷം.
(26) അത്തൽ = ദുഃഖം.
തന്വിയാൾ = സുന്ദരി.

വക്ത്രം = മുഖം.
(27) നന്ദനത്തങ്കം = നന്ദനനാകുന്ന തങ്കം.
നന്ദനൻ = മകൻ.
തന്മന്ദിരലക്ഷ്മി = ആമന്ദിരലക്ഷ്മി.
മന്ദിരലക്ഷ്മി = ഗൃഹലക്ഷ്മി.
ചാരത്ത് = സമീപത്ത്.
(28) മന്ദം = പതുക്കെ.
(29) ഭീരു = ഭയമുള്ള.
(30) കനത്ത = തടിച്ച.
(31) അരിബാധ = ശത്രുക്കളിൽനിന്നുള്ള ഉപദ്രവം.
(32) അസ്ത്രക്കളരി = ആയുധാഭ്യാസം ശീലിക്കുന്ന സ്ഥലം.
(33) മുഗ്ദ്ധമധുരം = മുഗ്ദ്ധമായും മധുരമായും ഉള്ളത്.
മുഗ്ദ്ധം = മനോഹരം.
(34) പോര് = യുദ്ധം.
സാമാന്യപ്പോര് = സാധാരണ യുദ്ധം.
ശൂരർ = പരാക്രമികൾ.
(35) ചൊല്ല് = വാക്ക്.
പോരാളി = ഭടൻ.
(36) തെല്ലൊരു = കുറഞ്ഞൊരു.
(37) ആരോമൽപുത്രൻ = ഓമനപുത്രൻ.
(38) കല്യൻ = യോഗ്യൻ.
കൈലേസ്സ് = മുഖം തുടയ്ക്കുന്ന വസ്ത്രം. (കയ്യുറുമാൽ.)
(39) ആഹവം = യുദ്ധം.
സാഹസശീലൻ = അദ്ധ്വാനശീലൻ.
(40) അംഗനയാൾ = സുന്ദരി.
(41) നറുംതേൻ = നല്ല തേൻ.
(42) വധു = സ്ത്രീ (ഭാര്യ).
(43) പ്രേമം = സ്നേഹം.
പ്രൌഢി = ഗാംഭീര്യം.
തൂമധു = തല്ല തേൻ.
(44) പ്രോത്സാഹശാലി = പ്രോത്സാഹംകൊണ്ടു ശാലിയ്ക്കുന്നവൻ.

പ്രോത്സാഹം = അത്യുത്സാഹം.
ശാലിയ്ക്കു = ശോഭിയ്ക്കു.
മാഴകിനേൻ = ദുഃഖിച്ചു.
(45) മേ = എനിയ്ക്കു.
ശോകം = ദുഃഖം.
ശോഭനാത്മൻ! = ശോഭനമായ ആത്മാവോടുകൂടിയ [വനെ!
(46) പിഞ്ചു കിടാവ് = ചെറിയകുട്ടി.
എൻവിപ്രയോഗം = എന്റെ വേർപ്പാട്.
(47) ഹാ ഹാ = കഷ്ടം കഷ്ടം.
(48) ഹേതു = കാരണം.
(49) കർത്തവ്യനിഷ്ഠ = കർത്തവ്യത്തിലുള്ള നിഷ്ഠ.
കർത്തവ്യം = ചെയ്യപ്പെടേണ്ടതായ കാര്യം.
നിഷ്ഠ = നിശ്ചയം.
വിഘ്നം = പ്രതിബന്ധം (മുടക്കം).
വർത്തികം = ആയിത്തീരുന്ന.
(50) വേളി = വിവാഹം.
(51) വിയോഗം = വേർപാട്.
വല്ല ഭാഷയ്ക്കും = വല്ല പ്രകാരത്തിലും.
(52) വീരപ്രശസ്തി = വീരൻ എന്ന പ്രശസ്തി.
പ്രശസ്തി = കേൾവി.
മാലിന്യം = മലിനത (കളങ്കം).
(53) എൻജീവിതസർവ്വസ്വമേ! = എന്റെ ജീവിതത്തിന്നു ആധാരമായവനേ!
(54) വൈരിജയം = വൈരികളുടെ ജയം.
വൈരികൾ = ശത്രുക്കൾ.
നിശ്ശങ്കം = ശങ്കകൂടാതെ.
തേ = നിണക്ക് (അങ്ങേയ്ക്കു).
മംഗളം = നല്ലത്.
(55) ധീരപ്രശാന്തം = ധീരമായും പ്രശാന്തമായുമിരിയ്ക്കുന്നതു്.
ധീരം = ധൈര്യത്തോടുകൂടിയതു.
പ്രശാന്തം = ഏററവും സൌമ്യമായതു.
പ്രിയദാരങ്ങൾ = പ്രിയഭാര്യ (ഇഷ്ടഭാര്യ).

ഉദാരവാക്യം = ഉദാരമായ വാക്യം.
ഉദാരം = ഉൽകൃഷ്ടം.
വാക്യം = വാക്ക്.
(56) ശ്രോത്രപുടം = പുടാകൃതിയിലിരിക്കുന്ന ശ്രോത്രം.
ശ്രോത്രം = ചെവി.
ഗാത്രം = ശരീരം.
ഗാഢം = ഏററവും.
(57) ചോരക്കുഴൽ = രക്തനാളം.
(58) നൂതനം = പുതിയത്.
കെല്പ = ശക്തി.
ദിവ്യം = ശ്രേഷ്ഠം.
രസായനം = ഔഷധം.
(59) കരൾ = മനസ്സ്.
ഇണ്ടൽ = ദുഃഖം.
(60) നേത്രതാരങ്ങൾ = കൺമണികൾ.
ക്ഷാത്രതേജസ്സ് = ക്ഷത്രിയതേജസ്സ്.
സമുജ്ജ്വലിച്ചു = പ്രകാശിച്ചു.
(61) ഉത്തമസ്ത്രീമണേ! = ഉത്തമസ്ത്രീരത്നമെ!
അസ്ഥാനശങ്ക = അനുചിതശങ്ക.
ആത്തഹൎഷം = സന്തോഷത്തോടുകൂടെ.
(62) കൊണ്ടാടി = പുകഴ്ത്തി.
പത്നി = ഭാൎയ്യ.
കോമളദോൎദ്ദണ്ഡം = കോമളമായ ദോൎദ്ദണ്ഡം.
കോമളം = മനോഹരം.
ദോൎദ്ദണ്ഡം = ശ്രേഷ്ഠമായ കൈയ്യ്.
ആഞ്ഞുപുൽകി = അധികമായി ആലിംഗനം ചെയ്തു.
കാന്തൻ = ഭൎത്താവ്.
(63) ധീരഗൃഹിണി = ധീരപത്നി.
ദാരവാന്മാർ = ഭാൎയ്യയുള്ളവർ.
(64) മനംവെച്ചു = മനസ്സുവെച്ചു.
(65) വല്ലഭാശ്ലേഷസുഖം = വല്ലഭന്റെ ആശ്ലേഷംകൊണ്ടുള്ള സുഖം.

വല്ലഭൻ = ഭൎത്താവു്.
ആശ്ലേഷം = ആലിംഗനം.
അക്ഷികൾ = കണ്ണുകൾ.
സാധ്വി = പതിവ്രത.
(66) വിഷ്ടപം = ലോകം.
(67) ക്ഷത്രധൎമ്മസ്ഥൻ = ക്ഷത്രിയധൎമ്മങ്ങളെ ആചരിക്കുന്നവൻ.
(68) ദുഷ്കരകൃത്യങ്ങൾ = ദുഷ്കരങ്ങളായിരിയ്ക്കുന്ന കൃത്യങ്ങൾ.
ദുഷ്കരങ്ങൾ = ചെയ്യാൻ പ്രയാസമുള്ളവ.
മുഷ്കരമാററലർ വൻപട = മുഷ്കരന്മാരായിരിയ്ക്കുന്ന മാററലരുടെ വൻപട.
മുഷ്കരന്മാർ = ശക്തന്മാർ (വൻപന്മാർ).
മാററലർ = ശത്രുക്കൾ.
(69) ഉൽകടാടോപം = ഉൽകടമായ ആടോപം.
ഉൽകടം = അധികം.
ആടോപം = ഗൎവ്വം.
തത്തിക്കളിയ്ക്കു = തുള്ളിക്കളിയ്ക്കു.
താൽക്കരവാൾ = നിൻെറ കരവാൾ.
സ്വച്ഛന്ദം = യഥേഷ്ടം.
(71) മനസ്വിനിയാൾ = ദൃഢചിത്താ (നെഞ്ചുറപ്പുള്ളവൾ).
മിഴികൾ = നേത്രങ്ങൾ.
(72) വെൺപളുങ്കുമണി = വെളുത്ത പളുങ്കുമണി.
ചേണുററ = ഭംഗിയുള്ള.
ചേവടി = കാൽ.

3. ഇരുപത്തിനാലു വൃത്തം.

ശ്രീരാമസ്വാമി സീതാലക്ഷ്മണന്മാരോടൊന്നിച്ച് ദണ്ഡകാരണ്യത്തിൽ വസിയ്ക്കുന്ന അവസരത്തിൽ, രാവണസോദരിയും രാവണപ്രേഷിതയുമായ ശൂർപ്പണഖ അവിടെ ചെന്നു തന്നെ ഭാര്യയായി സ്വീകരിക്കേണമെന്നു ശ്രീരാമനോടപേക്ഷിയ്ക്കുന്നതു മുതൽ, മാരീചൻ പൊന്മാനായ്ച്ചമഞ്ഞു രാമലക്ഷ്മണന്മാരെ ആശ്രമത്തിൽനിന്നകററുന്നതുവരെയായി രാമായണത്തിൽ വിവരിച്ചിരിയ്ക്കുന്ന കഥാഭാഗത്തിൻെറ ഒരു സംക്ഷിപ്തവിവരണമാണ് ഇതിലെ ഇതിവൃത്തം.

(1) ജഗത്ത്രയേ = മൂന്നു ലോകത്തിൽ.
ഞരമ്പറെ = ഞരമ്പു മുറിയെ.
പച്ചമാംസഭക്ഷി = പച്ചമാംസത്തെ ഭക്ഷിയ്ക്കുന്ന.
രക്ഷഃസാംകുലം = രാക്ഷസവംശം.
അസൌ = ഇവൻ (ശ്രീരാമൻ).
വിചിന്തയാംബഭൂവ = ആലോചിച്ചു.
പാഹി = രക്ഷിയ്ക്കുക.
മാം = എന്നെ.

(2) കദാചിൽ = ഒരിയ്ക്കൽ.
അംബരാൽ = ആകാശത്തിൽനിന്ന്.
രാവണാനുജാ = രാവണൻെറ അനുജാ (ശൂർപ്പണഖാ).
അനുജാ = സഹോദരി.
മനോഭിരാമാ = സുന്ദരി.
ചാരുരൂപധാരിണീ = ചാരുരൂപത്തെ ധരിച്ചവൾ.
ചാരുരൂപം = ചാരുവായ രൂപം.
ചാരു = മനോഹരം.
രൂപം = ആകൃതി.
നിശാചരീ = രാക്ഷസി.
മനോഭിരാമരാമൻ = മനോഭിരാമനായിരിയ്ക്കുന്ന രാമൻ.
മനോഭിരാമൻ = സുന്ദരൻ.
കാമദീനമാനസാ = കാമപരവശാ.

മനോഭിലാഷം = ആഗ്രഹം.

(3) കാന്തൻ = ഭത്താവ്.

അംഗജാതുരാ = അംഗജനെക്കൊണ്ട് ആതുരയായിരിക്കുന്നവൾ.

അംഗജൻ = കാമദേവൻ.

ആതുരാ = വിവശാ.

അരക്ഷണേന = അരനിമിഷംകൊണ്ടു്.

മാരമാൽ = കാമപീഡ.

(4) ഇതി = ഇപ്രകാരം.

പ്രഗത്ഭവാദിനീ = പ്രഗത്ഭമായി പറയുന്നവൾ.

പ്രഗത്ഭം = പ്രൌഢം.

പതുപ്പ് = സൌമ്യത.

പതുപ്പിൽവെച്ച = സ്വാധീനമാക്കിതീൎത്തു.

ജഗൽപ്രസിദ്ധം = ലോകപ്രസിദ്ധനായ.

ആത്മസോദരം = തന്റെ സഹോദരനെ.

സമസ്തകാമപൂരണം = സമസ്തങ്ങളായ കാമങ്ങളെ പൂരിപ്പിയ്ക്കുന്ന.

സമസ്തങ്ങൾ ഒട്ടൊഴിയാത്തവ.

കാമങ്ങൾ = അഭിലാഷങ്ങൾ.

(5) മനോഭിരാമരാമവാചം = മനോഭിരാമമായ രാമന്റെ വാക്കിനെ.

ആദരേണ = ആദരത്തോടെ.

നിജം = തന്റേതു.

ലക്ഷ്മണം = ലക്ഷ്മണനോട്.

തദാ = അപ്പോൾ.

അനാദരാൽ = പരിഭവം നിമിത്തം.

ഇണങ്ങുവോൻ = അനുകൂലിയ്ക്കുന്നവൻ.

നിതാന്തകാമമോഹിതാ = ഏററവും കാമപരവശ.

(6) സലക്ഷണം = ലക്ഷണങ്ങളോടു കൂടിയ.

സുലക്ഷണം = നല്ല ലക്ഷണം (ഇവിടെ രാക്ഷസീരൂപം എന്നു സാരം.)

ചമഞ്ഞുകൊണ്ടു = ആയിതീൎന്നുകൊണ്ടു.

മുതിന്നു = വളന്നു.
സാ = അവൾ (ശൂൎപ്പണഖാ).
പുനഃ = പിന്നെ.
ക്ഷമാധരൻ = രാജാവ് (ലക്ഷ്മണൻ).
കൎണ്ണനാസികം = കൎണ്ണങ്ങളും നാസികയും.
സമക്ഷൽ = സമീപം (മുമ്പിൽ).
(7) ചീനി = ഒരു മാതിരി വൃക്ഷം.
ഭൂതലത്തിൽ = ഭൂമിയിൽ.
തൊഴിച്ചു = മാറത്തടിച്ചു.
പഴിച്ചു = നിന്ദിച്ചു.
ബന്ധും = ബന്ധിപ്പാനായിക്കൊണ്ട്.
തം = അവനെ.
ചതുൎദ്ദശാശരാധിപാൻ = പതിന്നാലു രാക്ഷസവീര ന്മാരെ.
(8) തനിച്ചു = മാത്രം.
ആഞ്ഞുവന്നു = ഓടിവന്നു (ഒരുങ്ങിവന്നു).
സായകം = ബാണം.
സത്വരം = വേഗം.
ശരപ്രഭിന്നകന്ധരാഃ = ശരങ്ങളെക്കൊണ്ട് പ്രഭിന്നങ്ങളായ കന്ധരകളോടു കൂടിയവർ.
ശരങ്ങൾ = ബാണങ്ങൾ.
പ്രഭിന്നങ്ങൾ = മുറിയ്ക്കപ്പെട്ടവ.
കന്ധരകൾ = കഴുത്തുകൾ.
ചതുൎദ്ദിശം = നാലുദിക്കിലേയ്ക്കു്.
(9) ഉരത്തകോപവാൻ = അധികകോപത്തോടു കൂടിയവൻ.
ദൂഷണത്രിമൂൎദ്ധനാദിരാക്ഷസാൻ = ദൂഷണൻ, ത്രിമൂൎദ്ധനൻ, തുടങ്ങിയ രാക്ഷസന്മാരെ.
(10) സഃ = അവൻ (ശ്രീരാമൻ).
ജാനകീം = സീതയെ.
സുരക്ഷിതും = നല്ലവണ്ണം രക്ഷിപ്പാനായിക്കൊണ്ടു്.
നിധായ = വെച്ചിട്ട്.
താം = അവളെ (സീതയെ).

വിക്രമീ = വിക്രമമുള്ളവൻ. (പരാക്രമി).
കുലക്ഷയം = വംശനാശം.
ലക്ഷ്മണാഗ്രജൻ = ലക്ഷ്മണന്റെ അഗ്രജൻ (ശ്രീരാമൻ).
അഗ്രജൻ = ജ്യേഷ്ഠൻ.
(11) ദ്വിസപ്തകംസഹസ്രം = പതിന്നാലായിരം.
സംഗരെ = യുദ്ധത്തിൽ.
ജയിക്ക = സർവ്വോല്കൎഷേണവൎത്തിക്ക.
വിശ്വനായകൻ = ലോകനാഥൻ.
(12) ത്രിലോകനാഥപത്രി = ത്രിലോകനാഥന്റെ പത്രി.
പത്രി = ബാണം.
ത്രിലോകനാഥദൂഷണൻ = ത്രിലോകനാഥ ദൂഷണത്തോടു കൂടിയവൻ.
ത്രിലോകനാഥദൂഷണം = ത്രിലോകനാഥനെക്കുറിച്ചുള്ള ദൂഷണം.
ദൂഷണം = ദുഷിക്കൽ.
ദുരുക്തി = ദുർവ്വാക്ക്.
ത്രിഭിഃ ശരൈഃ = മൂന്നുശരങ്ങൾകൊണ്ടു.
ത്രിമൂർദ്ധകം = ത്രിശിരസ്സിനെ.
ജിതശ്രമം = പ്രയാസംകൂടാതെ.
ബാധയാ = ഉപദ്രവം നിമിത്തം.
(13) മഹാരഥഃ = തന്നേയും, സാരഥിയേയും, കുതിരകളേയും രക്ഷിച്ചുകൊണ്ടു യുദ്ധം ചെയ്യുന്നവൻ.

"ആത്മാനം സാരഥിം ചാശ്വാൻ
രക്ഷൻ യുദ്ധ്യേതയോ നരഃ
സമഹാരഥസംജ്ഞഃ സ്യാൽ" എന്ന പ്രമാ

ണപ്രകാരം ഈ അൎത്ഥം സിദ്ധമായി.
സമാരുരോഹ = ആരോഹിച്ചു (കയറി).
ഭീമനിസ്വനം = ഭയങ്കരശബ്ദത്തോടുകൂടിയത്.
മഹാതുരംഗജന്തുസംയുതം = വൻകുതിരകളോടു കൂടിയത്.
മഹാബലൻ = മഹാശക്തൻ.

ഖരാനനൻ = കോപിഷ്ഠൻ (പരുഷമായ മുഖത്തോടു കൂടിയവൻ).
സമാസസാദ = പ്രാപിച്ചു.
ധനുർദ്ധരഃ = ധനുസ്സിനെ ധരിച്ചവൻ (വില്ലാളി).
(14) തസ്യഖരസ്യ = ആ ഖരൻെറ.
പരംപുരം = പരലോകം
സുരപ്രമുക്തപുഷ്പവൃഷ്ടി = സുരന്മാരാൽ പ്രമുക്തയായ പുഷ്പവൃഷ്ടി.
സുരന്മാർ = ദേവന്മാർ.
പ്രമുക്താ = വിടപ്പെട്ടതു.
പുഷ്പവൃഷ്ടി = പുഷ്പവർഷം.
(15) എമക്ഷയത്തിൽ = അന്തകഭവനത്തിൽ.
യമക്ഷയം = യമൻെറ ക്ഷയം.
ക്ഷയം = ശക്തിക്ഷയം.
വിലക്ഷണാ = അംഗവൈകല്യമുള്ളവൾ.
വിരൂപിതാ = വിരൂപയായി തീൎന്നവൾ.
(16) ഭോഷ! = ബുദ്ധിയില്ലാത്തവനെ!
രഘുപ്രവീരസായകാഗ്നി = രഘുപ്രവീരൻെറ സായകമാകുന്ന അഗ്നി.
രഘുപ്രവീരൻ = ശ്രീരാമൻ.
എരിഞ്ഞു = ദഹിച്ചു.
ഖരപ്രധാനനൈരൃതർ = ഖരപ്രധാനന്മാരായിരിയ്ക്കുന്ന നൈരൃതർ.
ഖരപ്രധാനന്മാർ = ഖരൻ മുമ്പായവർ.
നൈരൃതർ = രാക്ഷസന്മാർ.
(17) വിരൂപിതാത്മസോദരീവചസ്സ് = വിരൂപിതയായിരിയ്ക്കുന്ന ആത്മസോദരിയുടെ വചസ്സ്.
ആത്മസോദരീ = തൻെറ സഹോദരി.
വചസ്സ് = വാക്ക്.
സുകേതുനന്ദനാത്മജം = സുകേതുനന്ദനയുടെ ആത്മജനെ (മാരീചനെ).
സുകേതുനന്ദനാ = സുകേതുവിൻെറ നന്ദനാ (താടകാ).

നന്ദനാ = മകൾ.
ആത്മജൻ = മകൻ.
രാഘവൌ = രാമലക്ഷ്മണന്മാരെ.
കാഞ്ചനൈണം = സ്വൎണ്ണമാൻ.
(18) ദ്രുതം = വേഗം.
ഗുണേ = വില്ലിൻെറ ഞാണിൽ.
(19) കപാചിൽ = ഒരിടത്തു.
ആത്മനഃ = തൻെറ.
സമന്തതഃ = നാലു ഭാഗവും.
സമാപതൻ = അടുത്തുവരുന്നവൻ.
അലക്ഷ്യബാണവേഗവാൻ = ബാണവേഗത്തിന്നു ല
 ക്ഷ്യമല്ലാത്തവൻ.
അലംഘനീയബാണം = അലംഘനീയമായ ബാണം.
അലംഘനീയം = ലംഘിക്കപ്പെടുവാൻ കഴിയാത്തതു.
രക്ഷ = രക്ഷിച്ചാലും.
(20) പതിം = ഭൎത്താവിനെ.
കടുകെ = വേഗത്തിൽ.

4. സന്താനഗോപാലം.

ശ്രീ കൃഷ്ണഭഗവാൻ തൻെറ അവതാരകാൎയ്യങ്ങളെല്ലാം നിൎവ്വഹിച്ച പതിനാറായിരത്തെട്ടു ഭാൎയ്യമാരോടു കൂടി ദ്വാരകയിൽ സുഖമായി വസിയ്ക്കുന്ന അവസരത്തിൽ, പുത്രനാശത്താൽ അത്യന്തം ദുഃഖിതനായ ഒരു ബ്രാഹ്മണൻ ദ്വാരകയിൽ ചെന്നു ഭഗവാനെ വിവരം അറിയിക്കുന്നതും, പല പ്രാവശ്യം ദരറിയിച്ചിട്ടും ഭഗവാൻ യാതൊന്നും പ്രവൃത്തിച്ചു കാണായ്കയാൽ ഒമ്പതാമത്തെ പുത്രൻ ജനിച്ചു മരിച്ചപ്പോൾ ആ ബ്രാഹ്മണൻ ആ പുത്രൻെറ മൃതശരീരത്തെ എടുത്തുകൊണ്ടു ദ്വാരകയിൽ ചെന്നു ഭഗവാൻെറ മുമ്പിൽവെച്ചു ഭഗവാനെ അധിക്ഷേപിച്ചു പറയുന്നതും, അതിന്നു അൎജ്ജുനൻെറ മറുപടിയുമാണ്, ഇവിടെ എടുത്തിരിയ്ക്കുന്നതു.

(2) പൊറാഞ്ഞു = സഹിയാഞ്ഞു.
ദ്വാരകപുക്ക = ദ്വാരകയെ പ്രാപിച്ചു (ദ്വാരകയിൽ ചെന്നു).
മുകുന്ദൻ = മുക്തിയെ കൊടുക്കുന്നവൻ (ശ്രീകൃഷ്ണൻ).
ഏവം = ഇപ്രകാരം.
(5) കൂട്ടം = അനുസരണം.
ഏതുമെ = അല്പവും.
ഭാവം = അഭിപ്രായം.
(6) വഴിവാടു = നേൎച്ച.
(7) വേദിയർ = ബ്രാഹ്മണന്മാർ.
വേദാന്തകൎമ്മങ്ങൾ = വേദാന്തത്തിൽ പറയുന്ന ക്രിയകൾ (യജ്ഞാദികൾ).
വേദാന്തം = വേദഭാഗമായ ഒരു മതഗ്രന്ഥം. (ഉപനിഷത്തു.)
(8) കേടുപോക്കി = നന്നാക്കി.
(9) നിവേദ്യം = ദൈവത്തിന്നായി കൊടുക്കുന്ന ഭക്ഷണസാധനം.
മാലോകർ = ജനങ്ങൾ.

(10) ഊട്ടു = സദ്യ.
ഗണഹോമം = അനേക ഹോമം.
(11) സോമവാരവ്രതം = തിങ്കളാഴ്ചവ്രതം.
(12) കർമ്മദോഷം = പ്രവൃത്തിദോഷം (പാപം).
(13) തണ്ടാർമകൾ = തണ്ടാരിൻെറ മകൾ (മഹാലക്ഷ്മി).
തണ്ടാർ = താമരപുഷ്പം. (പാലാഴിമഥനത്തിൽ മഹാലക്ഷ്മി ഒരു താമരപ്പൂവിൽ ഉണ്ടായി എന്നു പ്രസിദ്ധം).
കാന്തൻ = ഭർത്താവ്.
(14) എന്നേ = എന്നുതന്നേ.
ദുഷ്കർമ്മം = കർമ്മദോഷം.
(15) മന്നു് = ഭൂമി.
(16) മുകിൽവർണ്ണൻ = മുകിലിൻെറ വർണ്ണംപോലെയിരിയ്ക്കുന്ന വർണ്ണമുള്ളവൻ (ശ്രീ കൃഷ്ണൻ).
മുകിൽ = മേഘം.
വർണ്ണം = നിറം.
തെല്ലുപോലും = അല്പംപോലും.
(17) മല്ലാരി = മല്ലന്മാരുടെ അരി (ശ്രീകൃഷ്ണൻ).
മല്ലന്മാർ = ശ്രീകൃഷ്ണനോടു യുദ്ധംചെയ്യുവാൻവേണ്ടി കംസനാൽ നിയുക്തന്മാരായ ചാണൂരനും മുഷ്ടികനും.
അരി = ശത്രു.
ഭാവം = വിചാരം.
അറിഞ്ഞാറെ = മനസ്സിലായപ്പോൾ.
അമ്മാറു = അങ്ങിനെ.
(18) നന്ദനൻ = പുത്രൻ.
(19) ഗോവിന്ദൻ = ശ്രീ കൃഷ്ണൻ.
(20) അന്നന്നു = അതാതു ദിവസം.
വാസുദേവൻ = വസുദേവൻെറ പുത്രൻ (ശ്രീകൃഷ്ണൻ).
(21) സംഭ്രമം = ഭയം (പരിഭ്രമം).
പൂണ്ടു = പ്രാപിച്ചു.
ഭൂമിദേവൻ = ബ്രാഹ്മണൻ.

(22) ഉണ്ണി = കുമാരൻ.
കണ്ണൻ = ശ്രീകൃഷ്ണൻ.
(24) ഇടകൂടി = കൂടിച്ചേൎന്നു.
രസിയ്ക്കുന്ന = ക്രീഡിയ്ക്കുന്ന.
പെണ്ണുന്മാർ = ഭോഷന്മാർ.
വിശേഷജ്ഞാനം = ഗുണദോഷങ്ങളുടെ അറിവ്.
(25) എണ്ണമില്ലാതോളം = അസംഖ്യം.
സ്വൎണ്ണാദിസമ്പത്തു = സ്വൎണ്ണം മുതലായ സമ്പത്തു.
(26) പൌത്രന്മാർ = പുത്രൻെറ പുത്രന്മാർ.
(27) ചിന്താ = വിചാരം.
(28) ഭാവഭേദം = സ്വഭാവവ്യത്യാസം.
(29) കാരുണ്യം = ദയ.
കശ്മലൻ = ശഠൻ. (പാപി).
സാരസ്യഭംഗികൾ = സാരസ്യവും ഭംഗിയും.
സാരസ്യം = സരസൻെറ അവസ്ഥ.
ഭംഗി = മുഖസ്തുതി.
(30) കൊലചെയ്ത = കൊന്നതായ.
(32) കൊഞ്ചുവാൻ = ലാളിയ്ക്കുവാൻ.
വഞ്ചിച്ചുകൊന്നീലേ? = ചതിച്ചുകൊന്നില്ലേ. (ശ്രീകൃഷ്ണനെ കൊല്ലുവാൻവേണ്ടി കംസനാൽ പ്രേഷിതയായ പൂതന സുന്ദരീരൂപം ധരിച്ചു ഗോകുലത്തിൽ ചെന്നു ആരുമറിയാതെ കൃഷ്ണനെ എടുത്തു സ്തന്യം കൊടുത്തു ലാളിച്ചുകൊണ്ടിരിക്കെ, പരമാൎത്ഥം അറിഞ്ഞിരുന്ന കൃഷ്ണൻ സ്തന്യത്തോടുകൂടെ അവളുടെ പ്രാണവായുവെകൂടി പാനംചെയ്തു അവളെ കൊലപ്പെടുത്തി).
(33) പ്രാണൻകളവാനായി = ജീവനെ ഉപേക്ഷിപ്പാനായി (മരിപ്പാനായി).
ധരിയ്ക്ക = അറിയുക.
(34) ക്ഷിപ്രം = ഉടനെ.
(35) ദുൎഭാഷണം = ചീത്തവാക്ക്.
മതിപോരും = മതിമതി.

മഹീസുര! = അല്ലയോ വിപ്ര!
ദുർവ്വാക്ക് = ദുർഭാഷണം.
(36) പാലിയ്ക്കു = രക്ഷിയ്ക്കു.
പാർത്താലും = താമസിച്ചാലും.
അത്രനാളും = അതുവരെയും.

5. തച്ചോളിപാട്ട്.

ഒതേനൻെറ മരണം.

1. പറയുന്നല്ലോമനകഞ്ഞ്യോതേനൻ
തച്ചോളിക്കോമക്കുറുപ്പെൻേറ്യട്ടാ
2. പയ്യംവെള്ളിച്ചന്തോ! ചങ്ങാതിയെ!
ഞാനക്കളരീന്നു പോരുന്നേരം,
3. കട്ടാരംവെച്ചു മറന്നേപോയല്ലോ
ഞാമ്പോയെടുത്തിപ്പം കൊണ്ടുവരട്ടെ.
4. തച്ചോളികോമക്കുറുപ്പല്ലാന്
പറയുന്നല്ലേട്ടക്കുറുപ്പന്നേരം.
5. കട്ടാരംപോട്ടെൻെറ കുഞ്ഞ്യോതേനാ!
ഉച്ച തിരിഞ്ഞാലും, പൊസ്തു യിഞ്ഞാലും
6. പൊന്ന്യത്തെമണ്ണിൽ ചവിട്ടരുല്ലോ
ഇഞ്ഞ്യാട്ടുംപോവല്ലേ കുഞ്ഞ്യോതേന!.
7. ചീനംവീട്ട് ത്തങ്ങള് വാഴുന്നോര്
അതുതന്നെ കേട്ടല്ലോ വാഴുന്നത്.
8. ഇഞ്ഞ്യാട്ടും പൊന്ന്യത്ത് പോവേണ്ടലൊ
കട്ടാര്ണ് ക്കങ്ങിനെ വേണ്ടിക്കില്
9. എൻെറുടെ കട്ടാരം തെരുവഞ്ഞാനെ.
പകരംപറഞ്ഞല്ലോ കുഞ്ഞ്യോതേനൻ
10. പണ്ടൊരു കാലത്തങ്ങൊന്നെളപ്പം
പൊന്ന്യത്ത് തന്നെ പടക്കേപോയിററ്
11. കട്ടാരംചാട്ട്യേച്ചു പോയെന്നാന്.
കേട്ടാക്കുറവില്ലേ്യതെൻെറയേട്ടാ!.
12. വിലക്ക്യതവനൊട്ടും കേട്ടില്ലേലൊ
ഓനിപ്പോപ്പൊന്ന്യത്ത് ചെല്ലുന്നേരം
13. ചുണ്ടങ്ങപ്പൊയ്യിലുളുമ്പൻബപ്പൻ
കണ്ണാലെ കണ്ടല്ലൊച്ചോനോനോന്.

14. ഇരട്ടക്കുഴലുള്ള തോക്കെടുത്ത്
രണ്ടുണ്ട രണ്ടുതരംകാലിട്ട്.

15. വരമ്പും തൊളച്ചാടക്കൂട്ടുന്നല്ലോ
തച്ചോള്യല്ലോമനക്കുഞ്ഞ്യോതേനൻ

16. കട്ടാരെടുത്തമടങ്ങ്യോണ്ടല്ലോ
പാതിപ്പെരുവഴിക്കെത്തുന്നേരം

17. ചുണ്ടങ്ങാപ്പൊയ്യിലുളുമ്പൻബാപ്പൻ
വരമ്പു തുളച്ച വെടിയും വെച്ചു—.

18. തച്ചോള്യോതേനക്കുറുപ്പിൻറാന്
നെററിത്തടത്തിനുപോയുണ്ടകൊണ്ട്.

19. അതുതന്നെ കടുങ്ങുന്നോരും പുള്ളുവനോ
കുറുപ്പിനെ വെടിവെച്ചപ്പുലുവനെ

20. പകരമെയ്ത്തിയിതല്ലപ്പുള്ളുവനൊ.
തച്ചോള്യല്ലോമനക്കുഞ്ഞ്യോതേനൻ

21. തലപ്പാവ് വീരാള്യയിച്ചെടുത്ത്
നെററിയടക്കൊരുകെട്ടുംകെട്ടി.

22. ആടുന്നും പോന്നല്ലോ കുഞ്ഞ്യോതേനൻ
ബോധക്കേടാലസ്യം ബന്നോളുന്ന്.

23. കയ്യാലെ താങ്ങുന്നു കുഞ്ഞിച്ചാപ്പൻ.
തച്ചോളിക്കോമക്കുറുപ്പെല്ലാന്

24. അയ്യംനിലവിളികൂട്ടുന്നല്ലോ.
ഓല അടുത്തവിളിച്ചഞ്ഞാനെ

25. ഞാനില്ലാത്തുള്ള വ്യസനമാന്
ഓല അറിയിക്കററെൻറ ഏട്ടാ!.

26. പൊട്ടിക്കരയുന്നു കുറുപ്പെല്ലാന്.
എന്തിനു കരയുന്നതെൻറ ഏട്ടാ!

27. നെററിത്തടത്തിനൊരുണ്ടകൊണ്ടാലും
കാരണഞ്ഞരമ്പിന് രണ്ടമ്പൊണ്ടാലും

28. പണ്ടാരാൻ ചത്തിററുണ്ടോ? ഏട്ടാ!
തച്ചോളിക്കോമക്കുറുപ്പെല്ലാന്

29. കുമ്പകുലുക്കിച്ചിരിക്കുന്നല്ലോ.
കൂടച്ചിരിച്ചല്ലോകുഞ്ഞ്യോതേനൻ

30. തച്ചോളിക്കോമക്കുറുപ്പെൻേറട്ടാ!
നെററിത്തടത്തിനൊരുണ്ടോണ്ടിററം,
31. കാരണഞരമ്പിന് രണ്ടുമ്പോണ്ടിററം
പണ്ടാരാൻചേയിച്ചോലു ണ്ടോൻേറട്ടാ!
32. പൊട്ടിക്കരഞ്ഞു കുറുപ്പെല്ലാന്.
പിന്നെയും പറയുന്നു കുഞ്ഞ്യോതേനൻ.
33. മേപ്പയിലെ തച്ചോള്യതെൻെറ ഏട്ടാ!
ഞാനിന്നു പൊന്നിയത്തൊഴിയുമല്ലോ.
34. ഞാനിന്ന് പൊന്നിയത്തൊഴിഞ്ഞോണ്ടാറ്.
ഓൻറാടിക്കൂട്ട്യുള്ള മൂവായിരം
35. അയ്യം നിലവിളി കൂട്ടുന്നല്ലോ.
പറയുന്നുണ്ടോമനക്കുഞ്ഞ്യോതേനൻ
36. എൻറാടിക്കൂട്ട്യുള്ള മൂവായിരെ!
അയ്യം നിലവിളി കൂട്ടറല്ലോ.
37. മാനത്തിന് പൊന്ന്യത്തൊഴിഞ്ഞ് ഞാനേ
മാനംകെട്ടും ഞാനതവിണിററില്ല.
38. ഒന്നുണ്ടോകേക്കേണ്ടു എൻെറ ഏട്ടാ!
ആരുമൊരുത്തരും കരയേണ്ടലൊ.
39. തച്ചോളിക്കോമക്കുറുപ്പെൻേറട്ടാ!
എനിക്ക് ചിലത് പറയാനുണ്ട്.
40. കാവിലെചാത്തോത്തെക്കങ്കിക്കുഞാൻ
ആരുംസഖിയിവക്കെൻെറ ഏട്ടാ
41. ഞാനെന്നതുള്ള സഖിയെ ഉള്ളൂ
പെരിയക്കണ്ടം കൊട്ടക്കാറേറക്ക
42. ഓള്പണിയത്തെട്ടക്കനേരം
എന്നെപ്പോലത്തോറ് പോന്നേരത്ത്
43. ഉടുത്തോരുടുത്തുണ്ട് താത്തെചല്ലേല്ലൊ.
എന്നു നിനച്ചും കരയും കങ്കി.
44. അട്ടയുള്ള കണ്ടം കൊട്ടക്കാറേട്ട!
അട്ടപറിച്ചിട്ട ചാടുന്നേരം
45. എന്നു നിനച്ചും കരയും ഓള്.
തോടനും, ബാലിയും രണ്ടു കണ്ടം

46. കുങ്കിക്ക തന്നെ കൊടുക്കെന്റേട്ടാ!
എന്നുടെ ചാപ്പനങ്ങോനെ ഏട്ടാ!
47. എന്നേനിനക്കും പകരമാന്.
ചാപ്പനെ നിനച്ചോളണെന്റെ ഏട്ടാ!
48. എന്നെ വെടിവെച്ച പൂളുവനെ
പകരം വെടിവെച്ച പുള്ളുവന്.
49. ഓന് അങ്ങോന്റെ കുഡുംബത്തിനും
നാനായിപ്പാട കൊടുക്കേണ്ടേട്ടാ!
50. പോയെന്നും, പോയിക്കോന്നുപാടുന്ന്യാല്.
പിള്ളർകളിയിലും, നായാട്ടിലും
51. ഏട്ടൻകുറുപ്പൊട്ടും പോവാറ്തല്ലോ.
അത്കേക്കാണ്ടേട്ടനത് പോയെങ്കില്
52. മാനക്കെട്ടേട്ടൻമടങ്ങേപല്ല്യുള്ളു.
പറഞ്ഞും, പറഞ്ഞും തകമുട്ട്യല്ലോ
53. കണ്ണുമടഞ്ഞു കയിമലന്നു
മേപ്പയിലെ തച്ചോളിക്കഞ്ഞ്യോതേനൻ
54. ഒതേനൻ പൊന്ന്യത്തൊഴിഞ്ഞോണ്ടല്ലോ.
ആടക്കൂട്ട്യുള്ളോരു മൂവായിരം
55. നെഞ്ഞത്തടിച്ചു ഇള്മൊറയും
കരഞ്ഞു വിളിച്ചല്ലേ പോരുന്നത്.

5. തച്ചോളിപാട്ട്.

തച്ചോളിഒതേനന്റെ മരണം.

തച്ചോളിഒതേനൻ വടക്കേമലയാളത്തിൽ കടത്തനാട്ട് തച്ചോളിമേപ്പ എന്ന പ്രസിദ്ധമായ പുരാതനനായർതറവാട്ടിലെ ഒരംഗവും, നായന്മാരുടെ ഇടയിൽ അന്നുള്ള നിബ്ബന്ധവിഷയമായ കായികാഭ്യാസത്തിൽ അഗ്രസ്ഥാനത്തെ വഹിക്കുന്ന വീരപുരുഷനും, സത്യം, ധർമ്മം, ആചാരം, പ്രാണികാരുണ്യം മുതലായ ഉൽകൃഷ്ടഗുണങ്ങളാൽ സ്വകീർത്തിയെ പരത്തിയ മാന്യദേഹവും ആകുന്നു.

ഇദ്ദേഹത്തിന്റെ വീൎയ്യപരാക്രമങ്ങളെയും, ഹൃദയാകൎഷ്ഷകങ്ങളായ വിശേഷഗുണങ്ങളേയും കണ്ടും, കേട്ടും സന്തുഷ്ടചിത്തകളായ ഗ്രാമീണസ്ത്രീകൾ തങ്ങളുടെ പ്രവൃത്തിസമയങ്ങളിൽ ശ്രമപരിഹാരാൎത്ഥം ഉണ്ടാക്കി പാടിവന്നതായ പാട്ടുകളാണ് തച്ചോളിപ്പാട്ട് മുതലായ വടക്കൻപാട്ടുകൾ.

ആധുനീകസാഹിത്യനിബന്ധനകളനുസരിച്ച പദാൎത്ഥപുഷ്ടിയോ, അന്വയഘടനയോ, അലങ്കാരധാടിയോ, സന്ധ്യാദിസൂത്രങ്ങളോ ഇവക്കില്ലെങ്കിലും സഹൃദയന്മാരുടെ ഹൃദയത്തെ ആകൎഷ്ഷിക്കത്തക്ക പല ഗുണങ്ങളും തച്ചോളിപ്പാട്ടിന്നുണ്ടെന്നതിന്നു സന്ദേഹമില്ല.

ഇതിൽ കാണുന്ന മിക്ക പദങ്ങളും ഗ്രാമ്യപദങ്ങളാണെന്നും, അതുതന്നെ പ്രാകൃതരീതിയിൽ ഉപയോഗിച്ചതാണെന്നും ഇതു വായിക്കുന്ന ഏവൎക്കും ഗ്രഹിപ്പാൻ കഴിയും. ചില പദങ്ങൾ നിരൎത്ഥകങ്ങളായും ഉപയോഗിച്ചതായിക്കാണാം. ആവിധം ദോഷലേശങ്ങളെ പരിഗണിക്കാതെ കഥാഗ്രഹണത്തിൽ മാത്രം ശ്രദ്ധിക്കുന്നവൎക്ക് ഇതു ഏററവും രുചികരമായിരിക്കുമെന്നു പറയാതെ നിവൃത്തിയില്ല.

ഇതിൽ എടുത്ത കഥാഭാഗം.

തച്ചോളിഒതേനൻ ഒരുദിവസം ലോകനാർകാവിൽ ഉത്സവാവസരത്തിൽ തന്റെ മേൽനോട്ടത്തിൽ അതിവിശേഷമായി കെട്ടിയലങ്കരിച്ച കാവിലെ പടിഞ്ഞാറെ പന്തലിൽ പയ്യം വെള്ളിച്ചന്തു മുതലായ സ്നേഹിതന്മാരോടുകൂടി ഉത്സവകാൎയ്യ

ങ്ങളെക്കുറിച്ചന്വേഷിച്ചുകൊണ്ടു നടക്കുമ്പോൾ ലോകപ്രസിദ്ധനായ കതിരൂർ ഗുരുക്കൾ സ്വശിഷ്യസംഘത്തോടു കൂടി അവിടെ വരികയും അന്യോന്യമുണ്ടായ സംഭാഷണത്തിൽ നിന്നു വൈരസ്യം ഉദിക്കുകയും, ആ വൈരസ്യം പൊന്നിയത്തെ പടക്ക് കാരണമായി ഭവിക്കുകയും ചെയ്തു. കതിരൂർഗുരുക്കളോടു പടപൊരുതുന്നതിൽനിന്നു ഒതേനനെ തടയുവാൻ ബന്ധുജനങ്ങൾ പലരും ശ്രമിച്ചുവെങ്കിലും ശ്രമം ഫലിച്ചില്ലെന്നുമാത്രമല്ല ഒതേനൻ പടക്കളത്തിൽ എത്തി ഗുരുക്കളെ വധിക്കുകയും ചെയ്തു.

പടകഴിഞ്ഞു മടങ്ങി മാൎഗ്ഗമദ്ധ്യത്തിൽ എത്തിയപ്പോൾ കളരിയിൽ തന്റെ കട്ടാരം വെച്ചു മറന്നുപോയി എന്നും, താൻ ചെന്നു എടുത്തു കൊണ്ടുവരട്ടെ എന്നും ഒതേനൻ പറയുകയും ജ്യേഷ്ഠൻ കോമക്കുറുപ്പ് മുതലായവർ ഒതേനനെ അതിൽനിന്നു തടയുവാൻ ശ്രമിക്കുകയും ചെയ്തുവെങ്കിലും, കൂട്ടാക്കാതെ കളരിയിൽ ചെന്നു കട്ടാരവും എടുത്തു മടങ്ങിവരുന്ന ഒതേനനെ പരന്തുക്കൽ എമ്മൻപണിക്കരുടെ ഉപദേശപ്രകാരം ചുണ്ടങ്ങാപ്പൊയിലിൽ ഉളുമ്പൻബപ്പൻ എന്ന ഒരു മാപ്പിള ഒളിവെടിവെച്ചു വീഴ്ത്തുകയും തന്നിമിത്തം ഒതേനൻ ഇഹലോകം വെടികയും ചെയ്തു എന്നാണ് പാട്ടിൽ കാണുന്നതു.

3. ഇപ്പം = ഇപ്പോൾ.
4. തച്ചോളികോമക്കുറുപ്പ് എന്ന ജ്യേഷ്ഠക്കുറുപ്പ് അപ്പോൾ പറയുന്നു എന്നു അന്വയിക്കണം.
5. പൊയ്ത്തയിഞ്ഞാലും = പൊയിത്ത (പട) കഴിഞ്ഞാലും.
6. ചവിട്ടാറല്ലോ = ചവിട്ടരുതല്ലൊ.
ഇഞ്ഞ്യൊട്ടും = ഇനിയൊട്ടും അല്ലെങ്കിൽ നീയൊട്ടും.
7. ചീനംവീട്ടിൽ തങ്ങളും അതുകേട്ടു പറയുന്നു.
8. ഇഞ്ഞ്യൊട്ടാപ്പൊന്ന്യത്ത പോവേണ്ടല്ലോ = എനി ഒട്ടും ആ പൊന്ന്യത്ത പോകേണ്ടതില്ല.
9. എൻറുടെ = എന്റെ.
10. ഇളപ്പും = പോരായ്മ.

10-11. പണ്ടൊരു കാലത്ത് പൊന്ന്യത്ത് പടപ്പേ[illegible]ട്ടാരം ചാടീട്ടു പോയ്ക്കളഞ്ഞു എന്ന എളപ്പ[illegible] പറയുന്നതു കേട്ടാൽ നമുക്ക കുറവില്ലേ?

12. ഓൻ = അവൻ.

13. ചോനോൻ = മാപ്പിള.

18. തച്ചോള്യാതേനക്കുറുപ്പിൻറാന് = തച്ചോളി ഒതേന ക്കുറുപ്പ് എന്നു സാരം.

19. പൂലുവനെ = നിർമ്മര്യാദിയെ (ദുഷ്ടനെ).

23. വിവരം അറിഞ്ഞു അവിടെ എത്തിയ കോമക്കുറുപ്പ്.

24. ഓല = അവളെ.

29. കുമ്പ = വയർ.

32. കുറുപ്പെല്ലാന് = കുറുപ്പ് എന്നുമാത്രം അൎത്ഥം.

33. ഞാനെനി പൊന്ന്യത്തൊഴിയും = ഞാൻ മേപ്പയിൽ മടങ്ങി എത്തുകയില്ല (ഇവിടെത്തന്നെ കഴിയും).

34. ഒഴിഞ്ഞോണ്ടാറ് = ഒഴിഞ്ഞുപോയാൽ (മരിച്ചുപോയാൽ).

ഓൻറാടിക്കൂട്ട്യുള്ള = അവൻെറ കൂടയുള്ളവരായ.

36. എൻറാടിക്കൂട്ട്യുള്ള = എന്നോടു കൂടിയുള്ള.

ഞാൻ ഇവിടെ മരിപ്പാനായതു മാനത്തിലാണ്.

40. അങ്ങാൻ = അങ്ങ്.

41. കൊട്ടക്കറേറക്ക = കൊട്ടക്കരുത്.

46. എൻറുടെ = എൻെറ.

52. തകമുട്ട്യല്ലൊ = ശ്വാസംമുട്ടിപ്പോയി.